## സബ്മിഷൻ

### (1) ടെസിൽ കെമിക്കൽസിലെ അഴിമതി സംബന്ധിച്ച് സി.ബി.ഐ അന്വേഷണം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കോട്ടയത്തെ ടെസിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ് എന്ന കമ്പനി കെ. എസ്.ഇ.ബി.ക്ക് നൽകേണ്ട വൈദ്യുതി ചാർജ്ജിൽ 36 കോടി രൂപ ഇളവ് ചെയ്ത് കൊടുത്തത് സംബന്ധിച്ച പ്രശ്നം ഡിസംബർ 18-ാം തീയതി നിയമ സഭയിൽ ഞാൻ ഉന്നയിച്ചിരുന്നു. ടെസിൽ കമ്പനിയുമായി ബന്ധപ്പെട്ട് നടന്ന അഴിമതികളെ സംബന്ധിച്ച് അന്വേഷണം സി.ബി.ഐ.യ്ക്ക് വിടണമെന്നാവശ്യ പ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ് നടന്നുവരികയാണ്. ഇക്കാര്യത്തിൽ സർക്കാരിന് ഒന്നും വെളിവാക്കാനില്ലെങ്കിൽ സി.ബി.ഐ അന്വേഷണത്തിന് സമ്മതമാണെന്ന് അറിയിക്കാമായിരുന്നു. എന്നാൽ മലബാർ സിമെന്റ്സിലെ അഴിമതി കേസ്സിനോടുള്ള അതേ സമീപനം തന്നെയാണ് ടെസിൽ കേസിലും സ്വീകരിച്ചിരിക്കുന്നത്. ക്യാപ്റ്റീവ് പവർ പ്രോജക്ടായ ഉല്ലുംഗലും കാരിക്ക യവും ഇൻഡിപെൻഡന്റ് പവർ പ്രോജക്ടാക്കിമാറ്റാൻ അനുവദിച്ചതും അത് വിൽപ്പനചെയ്യാൻ സ്വാതന്ത്ര്യം നൽകിയതും മുൻ ഉമ്മൻചാണ്ടി സർക്കാരാണ്. 800 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാനെന്ന വ്യാജേനയുള്ള ആ ഉത്തരവിന്റെ വെളിച്ചത്തിൽ രണ്ട് പ്രോജക്ടുകളും സ്വകാര്യ കമ്പനിക്ക് വിൽക്കുകയും അവർ സർക്കാരിന്റെ ഭൂമിയും ഡാമും ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തുകയുമാണ്. ഇതുമൂലം സർക്കാരിന് വൻനഷ്ട

മാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതിനുപുറമെയാണ് വൈദ്യുതി ചാർജ്ജിൽ 36 കോടി രൂപയുടെ ഇളവ് നൽകിയത്. 50 കോടി 40 ലക്ഷം രൂപ വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കണമെന്ന് 2009-ൽ കെ.എസ്.ഇ.ബി. നോട്ടീസ് നൽകിയതാണ്. അതിനെതിരെ കമ്പനി ഹൈക്കോടതിയിൽ റിട്ട് നൽകി. പ്രസ്തുത കേസ്സിൽ ടെസിൽ കമ്പനിയുടെ പരാതി പരിശോധിച്ച് മൂന്നുമാസത്തിനകം തീർപ്പുകൽപ്പിക്കുവാൻ ഹൈക്കോടതി ഉത്തരവിട്ടു. അതനുസരിച്ച് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. കമ്പനിയുടെ പരാതി പരിശോധിച്ച് തള്ളുകയായിരുന്നു. എന്നാൽ ഇപ്പോഴത്തെ ഗവൺമെന്റ് വന്നശേഷം കെ.എസ്.ഇ.ബി. പരാതി വീണ്ടും പരിഗണിക്കുകയും 50 കോടി 40 ലക്ഷം രൂപയ്ക്കുപകരം 14 കോടി രൂപ അടച്ചാൽമതിയെന്ന് തീർപ്പാക്കുകയുമായിരുന്നു. മന്ത്രിസഭാതലത്തിൽത്തന്നെ ഇടപെട്ടുകൊണ്ടുള്ള വൻ അഴിമതിയാണ് ഇതിന്റെ പിന്നിൽ നടന്നിട്ടുള്ളത്. കെ. എസ്.ഇ.ബി. വൻ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുമ്പോൾ ഇത്രയും ഭീമമായി ഇളവ് നൽകിയത് സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമാണ്. ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ; സി. ബി. ഐ. അന്വേഷണം ആവശ്യപ്പെട്ട് നടക്കുന്ന കേസ്സിൽ അതിന് സമ്മതമാണെന്ന് അറിയിക്കാൻ സർക്കാർ ഒരുക്കമാണോ എന്നാണ് അറിയേണ്ടത്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞ കാര്യങ്ങൾ, യഥാർത്ഥത്തിൽ, ടെസിൽ നേരത്തെ ക്യാപ്റ്റീവ് പവറിന് കൊടുത്തത് ശരിയാണ്. അങ്ങനെ നമ്മൾ വേറെയും കമ്പനികൾക്കും കൊടുത്തിട്ടുണ്ട്.

അവർക്ക് ചെയ്യാൻ കഴിയാതെവന്ന അത്തരം കമ്പനികളൊക്കെ പൊളിഞ്ഞു. ഭൂതത്താൻകെട്ട് ഇതുപോലെയാണ്, ഇന്നും നമുക്ക് പവർ ജനറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അത് ഒരു രാമസ്വാമിയെന്നോ നാരായണ സ്വാമിയെന്നോ പറയുന്ന ഒരാൾക്കാണ് കൊടുത്തത്. പക്ഷെ ഇന്നിപ്പോൾ സ്ഥിതിയെന്താണെന്ന് ചോദിച്ചാൽ അവിടെ പവർ ജനറേറ്റ് ചെയ്യാൻ കഴിയാതെ വരുന്നു. ഇത് വേറെ ആൾക്ക് കൊടുക്കാൻ സമ്മതിച്ചത് ശരിയാണ്. അതുകൊണ്ട് അവിടെ ജനറേറ്റ് ചെയ്ത പവർ വേറെ വിൽക്കുകയല്ല ചെയ്യുന്നത് പകരം നമ്മളാണ് എടുക്കുന്നത്. രണ്ട് രൂപയാണ് ഒരു യൂണിറ്റിന്. അതാണ് ഇപ്പോൾ എടുത്തു കൊണ്ടിരിക്കുന്നത്. ഭൂതത്താൻകെട്ടുപോലെ ആകാതിരിക്കാൻ വേണ്ടിയാണ് അത് ചെയ്തത്. അതല്ലെങ്കിൽ ലിറ്റിഗേഷനും കാര്യങ്ങളുമായി അത് പോകും. എന്നുമാത്രമല്ല ടെസിൽസ് പൊളിഞ്ഞു. അതിപ്പോൾ പൊളിച്ചു കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽ അത് ആർക്കു മില്ലാത്ത രൂപത്തിലും നമ്മളുടെ ഈ പ്രോജക്ടൊന്നും നടക്കാത്ത സ്ഥിതിയി ലുമായിരിക്കുമെന്നതുകൊണ്ടാണ് അന്ന് അത് ചെയ്തത്. അതിനുശേഷം അങ്ങയുടെ ഗവൺമെന്റാണ് വന്നത്. അതിനെതിരായി ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. ആ ട്രാൻസാക്ഷൻ തെറ്റാണെന്നുപറഞ്ഞുകൊണ്ട് ഒരു ഓർഡർ അങ്ങയുടെ കാലത്തും ഇറക്കിയിട്ടില്ല. അത് അംഗീകരിച്ചുകൊണ്ടു തന്നെയാണ് പോയത്. അതിൽ യാതൊരു തടസ്സവും ഉണ്ടാക്കിയിട്ടില്ല. പിന്നെ അങ്ങിവിടെ പറഞ്ഞ കാര്യം, 36000 കോടി രൂപയല്ല 33000 കോടി രൂപയാണ്. അങ്ങുപറഞ്ഞതിൽ കുറെ സത്യമുണ്ട് ഇല്ലായെന്നൊന്നും ഞാൻ പറയുന്നില്ല. അതിലൊരു കാര്യം കാണേണ്ടത് ഇവിടെ ഒരു One Time Settlement ഉണ്ട്. അങ്ങ് വരുന്നതിനുമുമ്പുമുണ്ട്, അങ്ങയുടെ കാലത്തുമുണ്ട്,

ഇന്നും നിലവിലുണ്ട്. ആ One Time Settlement ആർക്കും അനുവദിച്ചു കൊടുക്കാവുന്നതാണ്. അതിൽ **1,78,08,348 രൂപ** എന്നുപറയുന്നത് സർച്ചാർജ്ജാണ്. അത് ഗവൺമെന്റിന് 1985 മുതൽ 1995 വരെ കിട്ടേണ്ട സർച്ചാർജ്ജാണ്. അത് സർക്കാരിലേയ്ക്ക് വരേണ്ടതാണ്. അതും കിട്ടിയിരുന്നില്ല. അതും കിട്ടാനുള്ള ഏർപ്പാട് ചെയ്തു. പിന്നെയുള്ളത് **4,06,67,934** രൂപയാണ് കറണ്ട് ഉപയോഗിച്ചവകയിൽ യഥാർത്ഥത്തിൽ നമുക്ക് തരാനുള്ളത്. ആ സംഖ്യയും അതുപോലെ 1,78,08,348 രൂപയും കൂട്ടിയാൽ വരുന്ന സംഖ്യ, പിന്നെ അതിന്റകത്തുള്ള മിനിമം ഡിമാന്റ് (എം.ഡി) ചാർജ്ജാണ്. കറണ്ട് ഉപയോഗിച്ചാലും ഇല്ലെങ്കിലും എം.ഡി. ചാർജ്ജ് നമുക്ക് തരണം. ഈ കമ്പനി വർഷങ്ങളായി പ്രവർത്തനക്ഷമമല്ലാതെ കിടക്കുകയായിരുന്നു. 1998 ജൂൺ മുതൽ 1999 നവംബർ വരെ അതായത് വൈദ്യുതി ഡിസ്കണക്ട് ചെയ്യുന്നതുവരെ നമുക്ക് മിനിമം ഡിമാന്റ് ചാർജ്ജ് തരേണ്ടതാണ്. കണക്കു കൂട്ടിയപ്പോഴാണ് 5,12,61,239 രൂപ എം.ഡി. ചാർജ്ജുണ്ടെന്ന് മനസ്സിലായത്. എം.ഡി. ചാർജ്ജെന്നുപറഞ്ഞാൽ കറണ്ട് ഉപയോഗിച്ചാലും ഉപയോഗിക്കുന്നില്ലെങ്കിലും നമുക്ക് തരേണ്ടതാണ്. മിനിമം ചാർജ്ജ്, അത് കറണ്ട് ഉപയോഗിച്ചതിന്റെയല്ല. വർഷങ്ങളായി പൂട്ടികിടക്കുന്ന ഫാക്ടറി തുറന്നുകഴിഞ്ഞാൽ ആ എം.ഡി. ചാർജ്ജ് വേവ് ചെയ്ത് കൊടുക്കും. അത് അങ്ങയുടെ ഭരണത്തിന്റെ മുമ്പും ചെയ്തിട്ടുണ്ട്, അങ്ങയുടെ ഭരണകാലത്തും ചെയ്തിട്ടുണ്ട് ഇന്നും ചെയ്തിട്ടുണ്ട്. അടച്ചുകിടക്കുന്ന ഫാക്ടറി തുറന്നുപ്രവർത്തിക്കുകയാണെങ്കിലാണ് ഇങ്ങനെ ചെയ്യുന്നത്. തുടർന്ന് പ്രവർത്തിക്കാത്തതുകൊണ്ട് അത് ഞങ്ങൾ വേവ് ചെയ്തില്ല. ആ ഉപയോഗിക്കാത്തതിനുകൂടി ഞങ്ങൾ അദ്ദേഹത്തിൽ നിന്ന് തുക വൺ ടൈം സെറ്റിൽമെന്റ് അനുസരിച്ച് ഈടാക്കി.

5,12,61,231 രൂപയുംകൂടി ഞങ്ങൾ കളക്ട് ചെയ്തു. അതെല്ലാം കൂടി കൂട്ടുമ്പോൾ, അതിനുപുറമേ ഡിസ്കണക്ട് ചെയ്തതുവരെയുള്ള ചാർജ്ജും എം. ഡി. ചാർജ്ജും ഞങ്ങൾ ഈടാക്കി. ഇതൊക്കെ വൺ ടൈം സെറ്റിൽമെന്റിലുള്ളതാണ്. അങ്ങനെകൂട്ടിയപ്പോൾ 13,11,56,006 രൂപയാണ് യഥാർത്ഥത്തിൽ വരുന്നത്. ഉപയോഗിക്കാത്ത കാലത്തേത് കൂടികൂട്ടി അത് വാങ്ങാൻ ബാധ്യസ്ഥരാണ്. അതിലൊന്നും വിട്ടുവീഴ്ച ചെയ്തിട്ടില്ല. അതിന്റെ പലിശ 24 ശതമാനമാണ്. ആ പലിശ കാൽക്കുലേറ്റ് ചെയ്തുകൂട്ടി എല്ലാം കൂടി വന്നപ്പോൾ 10-12-2011-ന് ഈ പറയുന്ന 51 കോടിയിലധികം രൂപവരും. അത് ഉപയോഗിക്കാത്ത കാലത്തിനും 24% പലിശ വച്ച് ഈ മുഴുവൻ തുകയ്ക്കും കണക്കുകൂട്ടിയിട്ടാണ്. അത് വന്നപ്പോൾ 3 ശതമാനമായി കുറയ്ക്കാൻ വൺ ടൈം സെറ്റിൽമെന്റിലുള്ള പ്രൊവിഷൻ ഞങ്ങളുടെ കാലത്തുമുണ്ട്, അങ്ങയുടെ കാലത്തുമുണ്ട്, അതിനുമുമ്പുമുണ്ട്, അതുപ്രകാരം ആകെ നൽകേണ്ടത് 18 കോടിയിൽപ്പരം രൂപയാണ്. അതിൽ ഈ പറഞ്ഞിരിക്കുന്ന പ്രവർത്തിക്കാത്ത കാലത്തെ ചാർജ്ജ് കൂടി വാങ്ങിച്ചു. യഥാർത്ഥത്തിൽ കറണ്ടിന്റെ ചാർജ്ജ് തരേണ്ടത് ഏകദേശം 4 കോടിയിൽപ്പരം രൂപയാണ്. എന്നാൽ 18 കോടിയിലധികം രൂപ വാങ്ങി വൺ ടൈം സെറ്റിൽമെന്റ് അനുവദിച്ചതിൽ ഒരു അഴിമതിയുമില്ല. അത് അങ്ങയുടെ കാലത്തോ അതിന് മുമ്പോ ഞങ്ങളുടെ കാലത്തോയെല്ലാമുള്ള വൺ ടൈം സെറ്റിൽമെന്റ് സ്കീം വച്ചുകൊണ്ടാണ്. അങ്ങയുടെ കണക്കനുസരിച്ച് പറഞ്ഞാൽ 24 ശതമാനം പലിശ വച്ച് ഇത്രയും വർഷത്തെ അതായത് 2012-വരെയുള്ളത് കാൽക്കുലേറ്റ്

ചെയ്താൽ 33 കോടി രൂപ ഉണ്ടാകും. ആ കണക്ക് ശരിയാണ് പക്ഷെ ഇത് നിയമപ്രകാരമാണ് ചെയ്തിട്ടുള്ളത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇത് സി.ബി.ഐ അന്വേഷണത്തിന് വേണ്ടിയുള്ള ഒരു കേസ്സ് നടന്നുകൊണ്ടിരിക്കുകയാണല്ലോ. ആ സി. ബി.ഐ അന്വേഷണത്തിന് വിടുന്നതിന് എതിരുണ്ടാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, എന്തിനാണ് സി.ബി.ഐ ഇത് അന്വേഷിക്കുന്നത്; വെറുതെ പണവും സമയവും കളയണോ? ഇത് വൺ ടൈം സെറ്റിൽമെന്റല്ലേ; നേരത്തേയും ഇങ്ങനെ സംഭവിച്ചിട്ടുണ്ടല്ലോ; പിന്നെ ഇതിനു മാത്രമെന്തിനാണ് ഒരു സി.ബി.ഐ. അന്വേഷണം നടത്തുന്നത്? കണക്കുകൾ തെറ്റാണെന്നൊന്നും ഞാൻ പറയുന്നില്ല. ലോകത്തില്ലാത്ത പലിശ 24% വച്ചു കൂട്ടിയാൽ 33 കോടിയിലധികം രൂപ വൺ ടൈം സെറ്റിൽമെന്റ് അനുസരിച്ച് വരും.

## (2) പെൻഷൻ അവകാശങ്ങൾക്കുവേണ്ടി തീയതി പുനഃക്രമീകരിക്കൽ

ശ്രീ. വി. റ്റി. ബൽറാം: സർ, പി.എസ്.സി. റാങ്ക് ലിസ്റ്റിൽ പേരുൾപ്പെട്ട് നിയമനം കാത്തിരിക്കുന്ന ചെറുപ്പക്കാരുടെ ഒരു പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 07-01-2013-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ ഏപ്രിൽ മാസം 1-ാം തീയതി മുതലുള്ള എല്ലാ നിയമനങ്ങളും നാഷണൽ പെൻഷൻ സ്കീം പദ്ധതിയുടെ കീഴിൽ വരികയാണ്. പി.എസ്.സി.-യുടെ നിയമന രീതി നമുക്കറിയാം, പി. എസ്.സി. റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി അനുസരിച്ചാണ് വിദ്യാർത്ഥികൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും അഡ്വൈസ് മെമ്മോ കൊടുക്കുന്നത്.

സീനിയോരിറ്റി പ്രകാരം പി.എസ്.സി. അഡ്വൈസ് മെമ്മോ കൊടുത്തുവെന്ന തിന്റെ പേരിൽ ജോയിൻ ചെയ്യുമ്പോൾ ആ സീനിയോറിറ്റി കിട്ടിക്കൊള്ളണ മെന്നില്ല. ബന്ധപ്പെട്ട വകുപ്പുകളിൽ വരുന്ന കാലതാമസം, അവിടത്തെ ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ച, ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ അതാത് വകുപ്പുകൾ നിയമന ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗാർത്ഥിക്ക് നൽകു മ്പോൾ മാത്രമേ ഉദ്യോഗാർത്ഥികൾക്ക് ഡിപ്പാർട്ടുമെന്റിൽ പോയി ജോയിൻ ചെയ്യാൻ കഴിയുകയുള്ളൂ. ഈയൊരു കാലതാമസത്തിന്റെ പേരിൽ സീനിയ റായിട്ടുള്ള ഉദ്യോഗാർത്ഥികളിൽ പലരും ഏപ്രിൽ മാസം 1-ാം തീയതിക്കു ശേഷം ജോയിൻ ചെയ്യേണ്ടി വരികയും അവരെക്കാൾ റാങ്ക് കുറഞ്ഞ ഉദ്യോ ഗാർത്ഥികൾ ഒരുപക്ഷെ ഈ മാർച്ച് മാസത്തിനുള്ളിൽത്തന്നെ ജോലിക്ക് ചേരാൻ കഴിയുന്ന സാഹചര്യമുണ്ടാകുകയും ചെയ്യും. അതുപോലെതന്നെ പല തസ്തികകളിലും അഡ്വൈസ് ചെയ്തതിനുശേഷം ഇൻ-സർവ്വീസ് ട്രെയി നിംഗിനുവേണ്ടി അയയ്ക്കും. ആ ഇൻ-സർവ്വീസ് ട്രെയിനിംഗ് കഴിഞ്ഞുവന്ന തിനുശേഷമാണ് പിന്നീട് ജോയിൻ ചെയ്യാൻ സാധിക്കുന്നത്. ഈയൊരു അനോമലി പരിഹരിക്കുന്നതിനുവേണ്ടി ഈ സർക്കാർ ഉത്തരവിലെ NPS would be mandatory for all appointments made on or after 01-04-2013 എന്നുള്ളതിൽ അപ്പോയിന്റ്മെന്റ് ഡേറ്റ് എന്നതിനുപകരം അഡ്വൈസ് ചെയ്യുന്ന ഡേറ്റ് എന്നാക്കിക്കഴിഞ്ഞാൽ ഒരുപാട് ഉദ്യോഗാർത്ഥികൾക്ക് അതിന്റെ പ്രയോജനം ലഭിക്കും. സർവ്വീസിൽ സ്വാഭാവികമായിത്തന്നെ സീനിയോറിറ്റി കണക്കാക്കുന്നത് അഡ്വൈസ് ഡേറ്റിന്റെ അടിസ്ഥാനത്തി ലാണ് എന്നുള്ളത് നമുക്കറിയാം. അതുകൊണ്ട് അപ്പോയിന്റ്മെന്റ് ഡേറ്റ് എന്നതിനുപകരം അഡ്വൈസ് ഡേറ്റ് എന്നാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റിലെ

സീനിയറായിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ടതായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നും 07–01–2013–ലെ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഈയൊരു ആശയം ഉൾക്കൊള്ളിച്ചുകൊണ്ട് ഭേദഗതി ചെയ്യണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): സർ, പങ്കാളിത്ത പെൻഷനെ സംബന്ധിച്ചുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള നിലപാട് ഈ സഭയിൽ പലവട്ടം വ്യക്തമാക്കിയിട്ടുണ്ട്. അപ്പോയിന്റ്മെന്റ് ഡേറ്റിൽ, കേന്ദ്ര ലിസ്റ്റ് 71 അനുസരിച്ച് കേന്ദ്ര സർക്കാർ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച നിയമനിർമ്മാണം നടത്തുവാൻ പാർലമെന്റിനാണ് അവകാശം. കേന്ദ്ര പാർലമെന്റ് പ്രസിദ്ധീകരിച്ചിരിക്കുന്ന ബില്ലിൽ കേന്ദ്ര സർക്കാർ ജീവനക്കാർക്കും കേന്ദ്ര പി.എസ്.യു. ജീവനക്കാർക്കുമാണ് പ്രസ്തുത നിയമം ബാധകമെന്ന് പറയുന്നുണ്ട്. സംസ്ഥാന ലിസ്റ്റിലെ 42–ാം ഇനമനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ നിയമസഭയ്ക്കാണ് അധികാരം. ഈ അധികാരം റെസലൂഷൻ വഴി പാർലമെന്റിന് നിയമസഭ നൽകിയിട്ടില്ല. അതുകൊണ്ട് സംസ്ഥാന ജീവനക്കാരെ സംബന്ധിച്ച് നിയമസഭ തന്നെയാണ് നിയമനിർമ്മാണം നടത്തേണ്ടത്. ഇതുസംബന്ധിച്ചുള്ള നയം നേരത്തേതന്നെ വ്യക്തമാക്കിയിട്ടുമുണ്ട്.

## (3) റെയിൽവേ ലൈൻ പദ്ധതി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ചെങ്ങന്നൂർ–പന്തളം–അടൂർ–കൊട്ടാരക്കര റെയിൽവേ ലൈനിനുവേണ്ടിയുള്ള നിവേദനങ്ങളും സമരങ്ങളും അരനൂറ്റാണ്ട് പിന്നിടുകയാണ്. നാടിന്റെ സമഗ്ര വികസനത്തിനുതകുന്നതും മുൻബഡ്ജറ്റുകളിൽ ഇടംനേടിയിട്ടുള്ളതുമായ അടൂർ വഴിയുള്ള ഈ

റെയിൽവേ പാതയ്ക്കുവേണ്ടിയുള്ള സർവ്വേ ഇത്തവണത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. ഇക്കഴിഞ്ഞ ഫെബ്രുവരി 27-ന് കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പവൻകുമാർ ബൻസാൽ അവതരിപ്പിച്ച റെയിൽവേ ബഡ്ജറ്റിൽ നിന്നും പ്രസ്തുത ലൈനിനെ ന്യൂ സർവ്വേ വിഭാഗത്തിൽ നിന്നും വിട്ടുകളഞ്ഞിട്ടുള്ളതായി കാണുന്നു. സതേൺ റെയിൽവേ ഡിവിഷനിൽ ഏറ്റവുമധികം വരുമാനമുള്ള ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന്റെ പ്രധാന വരുമാന സ്രോതസ് ഈ നിർദ്ദിഷ്ട ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ യാത്രക്കാരാണ്. ശബരിമലയുമായി ബന്ധപ്പെട്ടുകൊണ്ട് പന്തളം ദേശീയ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അസംഖ്യം തീർത്ഥാടകർക്ക് ഏറെ പ്രയോജനകരമായ ലൈനാണെന്നതിനാൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അവഗണനയിൽ നിന്നും ഈ പദ്ധതി പുനരുജ്ജീവിപ്പിക്കേണ്ടതാകുന്നു. ശ്രീമതി മമതാ ബാനർജി അവതരിപ്പിച്ച രണ്ട് മുൻകേന്ദ്ര റെയിൽവേ ബഡ്ജറ്റ് പ്രസംഗങ്ങളിൽ ന്യൂ സർവ്വേ വിഭാഗത്തിൽ സ്ഥാനം നേടിയിരുന്ന ചെങ്ങന്നൂർ-പന്തളം-അടൂർ-കൊട്ടാരക്കര-തിരുവനന്തപുരം ലൈൻ വളരെ പ്രതീക്ഷയോടെ കാത്തിരുന്ന ഞങ്ങളെ തികച്ചും നിരാശപ്പെടുത്തിക്കൊണ്ടാണ് പുതിയ ബഡ്ജറ്റ് വന്നിട്ടുള്ളത്. ഇത് കേവലം അടൂർ മണ്ഡലത്തിൽ മാത്രമൊതുങ്ങുന്ന വിഷയമല്ല, മറിച്ച് ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ നാല് ജില്ലകളിലുള്ളവരുടെ യാത്രാസൗകര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന പ്രാധാന്യമേറിയ ലൈനാണ്. ഈ ലൈനിന്റെ സർവ്വേ അടുത്ത റെയിൽവേ ബഡ്ജറ്റിലെങ്കിലും ഉൾപ്പെടുത്തുകയും ആയതിന് മതിയായ തുക വകയിരുത്തുന്നതിനുംവേണ്ട ശ്രമം കേരള സർക്കാരിന്റെ ഭാഗ

ത്തുനിന്ന് ഉണ്ടാകുന്നതിനായി ഈ വിഷയം റെയിൽവേയുടെ ചുമതലയുള്ള ബഹു. ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ചെങ്ങന്നൂർ–അടൂർ–കൊട്ടാരക്കര–തിരുവനന്തപുരം റെയിൽവേ ലൈൻ 2010–11–ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അതിന്റെ പ്രാഥമിക എഞ്ചിനീയറിംഗ്–കം–ട്രാഫിക് സർവ്വേ നടത്തിക്കഴിഞ്ഞു. സർവ്വേ നടത്തിക്കഴിഞ്ഞതിനുശേഷം അതിപ്പോൾ റെയിൽവേയുടെ സാമ്പത്തിക വിഭാഗത്തിന്റെ പരിഗണനയിലാണ്. അവർ അതിനെക്കുറിച്ച് സ്റ്റഡി നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി ഒഴിവാക്കിയെന്ന് ഇതുവരെ അറിയിച്ചിട്ടില്ല. ഈ സ്റ്റഡിക്കുശേഷം ബഡ്ജറ്റിൽ അതിനുള്ള പ്രത്യേക പ്രൊവിഷൻ കൊണ്ടുവന്ന് നടപ്പാക്കുമെന്നുതന്നെയാണ് ഞങ്ങളോട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതും ഞങ്ങൾക്ക് കിട്ടിയിട്ടുള്ള അറിവും.

## (4) മദ്യക്കുപ്പികളിലെ ഹോളോഗ്രാം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മദ്യക്കുപ്പികളിലെ ഹോളോഗ്രാമും സ്റ്റിക്കറുകളും വ്യാജമായി വ്യാപിക്കുകയാണ്. പ്രിന്റ് ചെയ്ത ഒറിജിനൽ സ്റ്റിക്കറുകൾ പല സ്വകാര്യ മദ്യക്കമ്പനിക്കാരുടെയും കൈകളിൽ ഇരിക്കുകയാണ്. ഈ അടുത്ത കാലത്ത് എരുമേലിയിലെ അനധികൃത മദ്യനിർമ്മാണശാലയിൽ നടന്ന റെയ്ഡിൽ ബിവറേജസ് കോർപ്പറേഷനുവേണ്ടി നിർമ്മിക്കാൻകൊടുത്ത ഹോളോഗ്രാം സ്റ്റിക്കറിന്റെ ഒറിജിനൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് കണ്ടെടുക്കുകയുണ്ടായി. ഈ സഭയിൽ സി & എ.ജി. ഓഡിറ്റ്

റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ഹോളോഗ്രാം ലേബലുകളുടെ പൂർണ്ണമായ ചുമതല എക്സൈസ് വകുപ്പ് ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്ത സെക്യൂരിറ്റി ലേബലുകളിൽ പാകപ്പിഴകളുണ്ടെന്നും സി.&എ.ജി. പരാമർശിക്കുകയുണ്ടായി. എല്ലാ മാധ്യമ ങ്ങളിലും ഇതുമായി ബന്ധപ്പെട്ട വാർത്തകൾ വന്നിട്ടുണ്ട്. ഇത് വളരെ ഗുരുത രമായ വിഷയമാണ്. സ്വകാര്യ സ്ഥാപനം പ്രിന്റ് ചെയ്താണ് സ്റ്റിക്കറുകൾ കൊടുക്കുന്നത്. ഇപ്പോൾത്തന്നെ ഈ ലേബലിന്റെ മാസ്റ്റർ എക്സൈസ് കമ്മീഷണറുടെ കസ്റ്റഡിയിലില്ല. സ്വകാര്യ കരാറുകാരന്റെ കയ്യിലാണ് ഇതിന്റെ മാസ്റ്റർ ഇരിക്കുന്നത്. ഈ കരാറുകാരന് വാളയാറിലും പ്രസ്സുണ്ട്. കാഞ്ഞിരപ്പള്ളിയിലെ വ്യാജമദ്യ ഉൽപ്പാദന കേന്ദ്രം എക്സൈസ് വകുപ്പ് റെയ്ഡ് ചെയ്തപ്പോഴാണ് ഒറിജിനൽ ലേബൽ അവിടെനിന്നും കണ്ടെത്തി യത്. ഇത്തരത്തിൽ ഗുരുതരമായ ഒരു സ്ഥിതിവിശേഷം സംസ്ഥാനത്ത് നില നിൽക്കുന്നു. ഈ കാര്യത്തിൽ എക്സൈസ് വകുപ്പ് അടിയന്തരമായി ഇടപെ ടണം. ഇത്തരത്തിൽ വ്യാജ സ്റ്റിക്കറും ഹോളോഗ്രാമും അച്ചടിച്ച് വിതരണം നടത്തുന്നത് കണ്ടുപിടിക്കണം. വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിത രണവും കർശ്ശനമായി നിയന്ത്രിക്കണമെങ്കിൽ നോട്ടടിക്കുന്ന രീതിയിലുള്ള സെക്യൂരിറ്റി സംവിധാനത്തോടുകൂടി സ്റ്റിക്കറും ഹോളോഗ്രാമും പ്രിന്റ് ചെയ്യേ ണ്ടതാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷം മാറ്റിയെടുക്കുന്നതിന് എക്സൈസ് വകുപ്പ് ഇടപെട്ട് ഇതിന്റെ അച്ചടി പൂർണ്ണമായും എക്സൈസ് വകുപ്പിന്റെ കീഴിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. റ്റി. എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത്

വളരെ ഗൗരവമുള്ള പ്രശ്നമാണ്. 1984–ൽ കെ.എസ്.ബി.സി. പ്രവർത്തനം ആരംഭിച്ച നാൾ മുതൽ ഒരു സാധാരണ സെക്യൂരിറ്റി ലേബൽ മദ്യക്കുപ്പിയിൽ പതിച്ചായിരുന്നു മദ്യം വിതരണം നടത്തിയിരുന്നത്. 26-09-2001–ലെ ജി.ഒ. (ആർ.ടി) നം.677/1/റ്റി.ഡി. പ്രകാരം ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലിന്റെ നിർമ്മാണം സി–ഡിറ്റിനെ ഏൽപ്പിച്ചു. 2003 മുതൽ സി–ഡിറ്റ് ലേബലുകൾ അച്ചടിച്ച് കോർപ്പറേഷന് നൽകിത്തുടങ്ങുകയും ചെയ്തു. പ്രതിവർഷം 60 കോടി മദ്യക്കുപ്പികളിൽ ലേബൽ പതിപ്പിക്കേണ്ടതുണ്ട്. ഒരു കെയ്സ് മദ്യത്തിൽ ലേബൽ പതിപ്പിക്കാതെ വിൽപ്പനയ്ക്കെത്തിയാൽ സർക്കാരിന് 3,000 രൂപയുടെ റവന്യൂ നഷ്ടമാണ് ഉണ്ടാകുന്നത്. ഇക്കഴിഞ്ഞ 10 വർഷക്കാലയളവിൽ നിലവിലെ ഹോളോഗ്രാം സെക്യൂരിറ്റി ലേബൽ സംവിധാനത്തിൽ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത, നിയമപരമായ പോരായ്മകൾ, നടപടിക്രമങ്ങളിലെ വീഴ്ചകൾ സംബന്ധിച്ച് സി. ആന്റ് എ.ജി. 2012-ലെ ആറാം നമ്പർ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയും പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ശുപാർശകൾ നൽകുകയുമുണ്ടായി. 1) എക്സൈസ് വകുപ്പിൽ സെക്യൂരിറ്റി ലേബലുകളുടെ ഉത്പാദനം, വിതരണം, ലേബൽ പതിക്കൽ എന്നിവയിൽ നേരിട്ടുള്ള നിയന്ത്രണം ഇല്ലാത്തതുകൊണ്ട് ഡിപ്പാർട്ട്മെന്റ് തന്നെ നേരിട്ടുള്ള മേൽ അന്വേഷണത്തിൽ ലേബലുകൾ അച്ചടിക്കുന്നുവെന്ന് ഉറപ്പാക്കണം. 2) ഹോളോഗ്രാം നിർമ്മാണം സ്വകാര്യ ഏജൻസിക്ക് പുറം കരാർ നൽകിയത് സി–ഡിറ്റും കെ.എസ്.ബി.സി.–യും തമ്മിലുള്ള കരാറിന്റെ ലംഘനമായിരുന്നു. 3) സുരക്ഷാ സംവിധാനത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടാക്കിയതായും സി. ആന്റ് എ.ജി. ചൂണ്ടിക്കാണിക്കു

കയും ചെയ്തിട്ടുണ്ട്. കൂടാതെ ആലുവ, കോട്ടയം, നെടുമങ്ങാട്, വെയർഹൗസുകളിൽനിന്ന് തുടർച്ചയായി ലേബലുകൾ കാണാതാകുന്നതായും റിപ്പോർട്ടുകൾ. 4) ഒരേ നമ്പരിൽ അനവധി ലേബലുകൾ അച്ചടിക്കുന്നതായും ഫോണ്ടുകളും സീരിയൽ നമ്പരും തെറ്റിച്ചും അശ്രദ്ധമായും ലേബലുകൾ പ്രിന്റ് ചെയ്യുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 5) കേരളത്തിന് പുറത്ത് ഹോളോഗ്രാം ലേബലുകൾ പ്രിന്റ് ചെയ്തുവരുന്നതായും അടിക്കടി വാർത്തകൾ ഉയർന്നുവരുന്നു. കാരണം ഹോളോഗ്രാമിന്റെ മാസ്റ്റർ ഡൈ എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിലല്ല ഉള്ളത്. കുറ്റമറ്റ ഹൈ സെക്യൂരിറ്റി ലേബലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് അഡീഷണൽ എക്സൈസ് കമ്മീഷണർ ശ്രീ. എൻ. പ്രകാശ് ഐ.എ.എസ്. വിശദമായ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ഇന്റാജാലിയോ പ്രിന്റിംഗ്, ഇന്റാജാലിയോ റബ്മാർക്ക്, ഇന്റാജാലിയോ ലാറ്റൻ ഇമേജ്, സീക്രട്ട് കോഡ്, ബാർകോഡ്, വിസിബിൾ ഫ്ളൂറസെന്റ് ഇങ്ക്, ഇൻവിസിബിൾ പ്രിന്റിംഗ്, ഹോളോഗ്രാം തുടങ്ങി ട്രാക്ക് ആന്റ് ട്രെയ്സ് ടെക്നോളജി ഉപയോഗപ്പെടുത്തി ഉപഭോക്താവിന് വിപണിയിലുള്ള മദ്യത്തിന്റെ വിശ്വാസ്യത എസ്.എം.എസ്. വഴി അറിയിക്കുവാൻപോലും സംവിധാനമുള്ള ഹൈസെക്യൂരിറ്റി ലേബൽ എക്സൈസ് വകുപ്പിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ സ്ഥാപിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ശനിയാഴ്ച കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലിയിൽനിന്നും 314 ഹോളോഗ്രാം സ്റ്റിക്കറുകളും 135 ലേബലുകളും മദ്യക്കുപ്പികളോടൊപ്പം ഉദ്യോഗസ്ഥർ പിടിച്ചെടുക്കുകയുണ്ടായി. ഇത് നിലവിലുള്ള സംവിധാനത്തിന്റെ ഗുരുതരമായ വീഴ്ചകൾ ഒന്നുകൂടി ഓർമ്മിപ്പിക്കുകയും കുറ്റമറ്റ ലേബലിംഗ് സംവി

ധാനത്തിന്റെ ആവശ്യകത വീണ്ടും ചൂണ്ടിക്കാണിക്കുകയും ചെയ്യുകയാണ്. ഇപ്പോൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന ഹൈസെക്യൂരിറ്റി ഹോളോഗ്രാമിന്റെ മാസ്റ്റർ ഡൈ സംസ്ഥാന എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാകും സൂക്ഷിക്കുക. കാലാകാലങ്ങളിൽ ഡിസൈനിലും ഫീച്ചറിലും മാറ്റം വരുത്തുവാനും അതുവഴി അനുകരണം അസാദ്ധ്യമാക്കുവാനും ഈ മദ്യക്കുപ്പികളിൽ പതിക്കുവാനുള്ള ഹൈസെക്യൂരിറ്റി ഹോളോഗ്രാം ലേബലുകൾ നിർമ്മിക്കുവാനായി എക്സൈസ് വകുപ്പ് ആലോചിച്ചുവരുന്നു. കെ.എസ്.ബി.സി.യുടെ 23 വെയർഹൗസുകളിലും പ്രിന്റിംഗ് പ്രസ്സിലും സുരക്ഷാ സംവിധാനം ഉറപ്പ് വരുത്തുന്നതിനായി 80 തസ്തികകൾ എക്സൈസ് വകുപ്പിൽ സൃഷ്ടിക്കേണ്ടതായിവരും. കൂടാതെ ഇവിടെയെല്ലാം സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യവുമുണ്ട്. സുതാര്യമായ ബിഡ്ഡിംഗ് പ്രോസസ്സിലൂടെ സി–ഡിറ്റ് കെൽട്രോൺ സെക്യൂരിറ്റി ലേബൽ നിർമ്മാണത്തിനായി സെക്യൂരിറ്റി പ്രസ്സിനെ തെരഞ്ഞെടുക്കുന്നതാണ്. ശ്രീ. ടി. എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചത് ഗൗരവമുള്ള പ്രശ്നമാണ്. ഇത് കുറ്റമറ്റതാക്കാൻ എക്സൈസ് വകുപ്പ് ശ്രമിച്ചപ്പോഴാണ് ചില ആക്ഷേപങ്ങൾ ഉയർന്നുവന്നത്.

## (5) <u>യൂണിയൻ ചെയർമാന്റെ അനിശ്ചിതകാല സത്യാഗ്രഹം</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കണ്ണൂർ സർവ്വകലാശാലയിലെ അന്യായമായ ഫീസ് വർദ്ധനവിനെതിരായി സർവ്വകലാശാല യൂണിയൻ ചെയർമാൻ ശ്രീ. വിനിൽ ലക്ഷ്മണൻ അവിടെ അനിശ്ചിതകാല നിരാഹാരസത്യാഗ്രഹം ആരംഭിച്ചിരിക്കുകയാണ്. സർവ്വകലാശാലയിൽ എല്ലാ ഫീസുകളും പത്തും

പന്ത്രണ്ടും ഇരട്ടിയായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഗ്രേസ് മാർക്കിനുള്ള അപേക്ഷ വൈകിയാൽ 1,000 രൂപ ഫൈൻ ഈടാക്കുമെന്ന വിചിത്ര നിർദ്ദേശമടക്കം സർവ്വകലാശാല പുറപ്പെടുവിച്ചിരിക്കുകയാണ്. ഡ്യൂപ്ലിക്കേറ്റ് ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കാൻ 300 രൂപയും സെർച്ച് ഫീ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 1,000 രൂപയുമാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുപോലെതന്നെ പുനർമൂല്യനിർണ്ണയ ഫീസ് 300 രൂപയിൽനിന്ന് 500 രൂപയാക്കിയും പ്രൊഫഷണൽ കോഴ്സിന്റെ ഫീസ് 500 രൂപയിൽനിന്ന് 1,000 രൂപയാക്കിയും ഫോട്ടോകോപ്പി എടുക്കുന്നതിനുള്ള ഫീസ് 150 രൂപയിൽനിന്ന് 500 രൂപയാക്കിയും സൂക്ഷ്മ പരിശോധനാ ഫീസ് 20 രൂപയിൽനിന്ന് 200 രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. കൊള്ളക്കാരെ വെല്ലുന്ന തരത്തിലാണ് ഇവിടെ സർവ്വകലാശാല ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഈ ഫീസ് വർദ്ധനവ് പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഈ നിരാഹാര സമരം ഒത്തുതീർപ്പാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കണ്ണൂർ സർവ്വകലാശാലയുടെ 04-02-2013-ലെ സിൻഡിക്കേറ്റ് യോഗം കണ്ണൂർ സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് തീരുമാനമെടുക്കുകയും തുടർന്ന് 21-03-2013-ലെ ഇ.ജി.ഐ –1/ഇക്സ്–എഡിജി/10/വോള്യം 2 നമ്പർ യൂണിവേഴ്സിറ്റി ഓർഡർ പ്രകാരം ഫീസ് വർദ്ധനവ് നിലവിൽ വരുത്തുകയുമുണ്ടായി. ഇതിനെതിരെ ഒരുകൂട്ടം വിദ്യാർത്ഥികൾ സർവ്വകലാശാലാ ആസ്ഥാനത്ത് പ്രക്ഷോഭപരിപാടികൾ

ആരംഭിച്ചിരിക്കുകയാണ്. മുൻകൂട്ടി നോട്ടീസ് നൽകാതെയും ചർച്ചയ്ക്ക് തയ്യാറാകാതെയും തുടങ്ങിയ പ്രക്ഷോഭത്തിന്റെ മറവിൽ യൂണിവേഴ്സിറ്റി യുടെ ഏകദേശം 20 ലക്ഷം രൂപ വിലയുള്ള വസ്തുവകകൾക്ക് കനത്ത നാശനഷ്ടം വരുത്തുകയുണ്ടായി. ഈ സംഭവത്തിൽ കുറ്റക്കാരായവർക്കെ തിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് 25-03-2013 തിങ്കളാഴ്ച കണ്ണൂർ സർവ്വകലാശാല യൂണിയൻ ചെയർമാനും എസ്.എഫ്.ഐ. കണ്ണൂർ ജില്ലാ സെക്രട്ടറിയും സർവ്വകലാശാലയ്ക്ക് നോട്ടീസ് നൽകിക്കൊണ്ട് നിരാഹാര സമരമാർഗ്ഗങ്ങൾ ആരംഭിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പ്രോ–വൈസ്ചാൻസലറുടെയും സിൻഡിക്കേറ്റ് പ്രതിനിധി കളുടെയും നേതൃത്വത്തിൽ വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായി 25.3.13 ൽ തന്നെ അനുരഞ്ജന ചർച്ചകൾ നടത്തിയെങ്കിലും തീരുമാനമാ കാതെ പിരിഞ്ഞു. ഇന്ന് വീണ്ടും വിദ്യാർത്ഥികളുമായി ചർച്ച ചെയ്യുന്നതിന് യൂണിവേഴ്സിറ്റി അധികൃതർ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ന്യായ മായ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കുന്നതിൽ സർക്കാരിന് തുറന്ന മനസ്സാണുള്ളതെങ്കിലും അക്രമമാർഗ്ഗങ്ങളെ ഒട്ടും പ്രോത്സാഹിപ്പിക്കാത്ത കർശന നിലപാടാണ് സർക്കാരിനുള്ളതെന്ന വിവരം അറിയിക്കുന്നു.

### (6) വിദ്യാർത്ഥിയുടെ മരണം

ശ്രീ. ജി. സുധാകരൻ: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട കളർകോട് അഖിലേഷ് എന്ന എടത്വ കോളേജിലെ ഫൈനൽ ഇയർ രസതന്ത്ര വിദ്യാർത്ഥിയെ പുന്നപ്ര എസ്.ഐ. കസ്റ്റഡിയിൽ എടുക്കുകയും അദ്ദേഹ ത്തിന്റെ കസ്റ്റഡിയിൽവച്ച് ഭീകരമായി പരിക്കേൽക്കുകയും കഴിഞ്ഞ ദിവസം എറണാകുളം അമൃത ഹോസ്പിറ്റലിൽവച്ച് മരിക്കുകയും ചെയ്ത അതീവദാ

രുണമായ സംഭവത്തേക്കുറിച്ചാണ് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിലും കോട്ടയം മെഡിക്കൽ കോളേജിലും ചികിത്സിച്ചിട്ട് ഭേദമാകാതെ അവസാന നിമിഷമാണ് അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ കൊണ്ടുപോയത്. പക്ഷേ മരിച്ചുപോയി. കുട്ടി എടുത്തുചാടിയതാണെന്ന് പോലീസ് പറയുന്നുണ്ടെങ്കിലും തെളിവുകളൊന്നുമില്ല. അറസ്റ്റ് ചെയ്തപ്പോൾ ഏറ്റ മാരകമായ പരിക്കാണ് കാരണമെന്നാണ് പൊതുവിൽ എല്ലാവരും വിശ്വസിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അവിടെ വലിയ ജനരോഷമുണ്ടായിരിക്കുകയാണ്. കുട്ടിയുടെ മാതാപിതാക്കൾ ബന്ധുക്കളുമായി ഇവിടെ വരികയും ഞാൻ അവരെ കൂട്ടിക്കൊണ്ടുപോയി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർക്ക് നിവേദനം കൊടുക്കുകയും ചെയ്തതിന്റെ ഫലമായി ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി എസ്.പി. യെക്കൊണ്ട് അന്വേഷിപ്പിച്ചു. എസ്.ഐ.യെയും ഡ്രൈവറെയും സസ്പെന്റ് ചെയ്തു എന്നത് ഞാൻ ഇവിടെ അംഗീകരിക്കുന്നു. ഒരു നല്ല കാര്യമണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ദുരുദ്ദേശം ഞാൻ ആരോപിക്കുന്നില്ല. വിദ്യാർത്ഥി എസ്.എഫ്.ഐ.യുടെ സജീവ പ്രർത്തകനാണ് എങ്കിലും രാഷ്ട്രീയമായിട്ടല്ല, അതുകൊണ്ട് അതും ഞാൻ ഉന്നയിക്കുന്നില്ല. ആ കുട്ടി മരിച്ചതിനുശേഷം എന്താണ് പരിക്കെന്ന് വ്യക്തമാക്കിയിട്ടില്ല. ഇത് ഭയങ്കരമായ, ബോധപൂർവ്വമായുളള മർദ്ദനംകൊണ്ട് സംഭവിച്ചതാണ്. പോലീസിന്റെ മോട്ടോ നമുക്കറിയാം, അങ്ങേയ്ക്ക് പ്രത്യേകിച്ചും അറിയാം, Policeman is a citizen in uniform, a citizen is a policeman without uniform ഇതാണ് പോലീസ് മോട്ടോ. ഇവിടെ Policeman becomes an assassin, a professional killer അതാണ് സംഭവിച്ചത്. പോലീസിൽ ക്രിമിനലുകളുണ്ടെന്ന് വ്യക്തമാ

ക്കപ്പെട്ട സാഹചര്യത്തിൽ ഇത് culpable homicide amounting to murder അല്ല, 302 തന്നെയാണ്. അസ്സൽ കൊലപാതകം തന്നെയാണ്. കൊലപാതകത്തിന് കേസെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ആ കുട്ടിയുടെ ഭാവി എത്ര വലുതായിരിക്കും. ആ വിഷമിക്കുന്ന മാതാവും പിതാവും, അവർ ജോത്സ്യരാണ്. സാന്ദർഭികമായി പറയട്ടെ, ഞാൻ കുട്ടിയായിരുന്നപ്പോൾ അന്നത്തെ ആചാര പ്രകാരം എന്റെ ജാതകം എഴുതിയത് ഇദ്ദേഹത്തിന്റെ അച്ഛന്റെ അച്ഛനായിരുന്നു. അവർ **വള്ളിയോത്തുകാരാണ്** പക്ഷേ ഇവിടെ വന്ന് താമസിക്കുകയാണ്. വ്യക്തിപരമായ അടുപ്പം ഞാൻ പറഞ്ഞെന്നുമാത്രമേയുള്ളൂ. അമ്മയെ തീരാദു:ഖത്തിലാഴ്ത്തുന്ന സംഭവമാണ്. രാജൻ കേസിന് ശേഷം, അടിയന്തരാവസ്ഥപോലുള്ള പ്രശ്നമല്ല പോലീസ് കസ്റ്റഡിയിലിരുന്ന് മരിക്കുന്ന രണ്ടാമത്തെ വിദ്യാർത്ഥിയാണ്. അമ്മമാരെ ഇങ്ങനെ ദു:ഖിപ്പിക്കുന്ന പോലീസിലെ നരാധമൻമാർക്ക് മാതൃകാപരമായ ശിക്ഷ കൊടുക്കാൻ അങ്ങ് തയ്യാറാകണം. ആലപ്പുഴയെ സംബന്ധിച്ച് പുതിയ എസ്.പി. വന്നതിനുശേഷം കുറച്ച് മാറ്റമുണ്ടെന്ന് സമ്മതിക്കുന്നു. ബൈപ്പാസ് കൊള്ള സംഘം ഒരുപാട് പേരെ കൊന്നു. ഞാൻ ചോദ്യം ചോദിച്ചു, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് നേരിട്ടറിയില്ല. അവിടെനിന്ന് വരുന്ന മറുപടി അങ്ങനെയൊരു സംഘമില്ല എന്നാണ്. എത്രയോ വർഷങ്ങളായി അവിടത്തെ പത്രങ്ങൾ ബൈപ്പാസ് കൊള്ളസംഘങ്ങളെക്കുറിച്ച് പറയുന്നു. മയക്കുമരുന്ന്, കഞ്ചാവ് വിൽപ്പന, അതിന്റെ കമ്മീഷൻ പുന്നപ്രയിലെയും അമ്പലപ്പുഴയിലെയും ആലപ്പുഴ സൗത്തിലെയും പോലീസ് സ്റ്റേഷനുകളിലെ ഒരു കൂട്ടം ഉദ്യോഗസ്ഥർ വാങ്ങുന്നുണ്ട്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് വാങ്ങിയപ്പോൾ ഞങ്ങൾ ശക്തമായി നടപടിയെടുത്തു. അന്ന് അത് ഒതുങ്ങി.

അതില്ലായെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമ വകുപ്പുമന്ത്രിയെക്കൊണ്ട് പറയിപ്പിക്കുകയാണ്. ഇവർ തന്നെയാണ് അങ്ങനെയൊന്നില്ലായെന്ന് എഴുതിക്കൊടുക്കുന്നത്. അത് വെരിഫൈ ചെയ്യാനുള്ള വഴിയില്ല. ഈ ഏരിയയിൽ ഗിരീഷ് എന്നുപറയുന്ന അഡ്വക്കേറ്റിനെ വെട്ടിനുറുക്കി. കഴിഞ്ഞ ദിവസമാണ് മണ്ണഞ്ചേരിയിൽ ചന്ദ്രലാൽ എന്നയാളിനെ ഭീകരമായി, അദ്ദേഹം ഉന്നയിക്കുന്നതുകൊണ്ട് ഞാനതുപറയുന്നില്ല. അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്ത മൂന്ന് മത്സ്യത്തൊഴിലാളികളെ എസ്.ഐ. നേരിട്ട് അടിച്ച് ഫുട്ബോളുപോലെ പറപ്പിക്കുകയാണ്. അവിടുത്തെ പോലീസിന്റെ നടപടികളെക്കുറിച്ച് നിവേദനം തന്നാൽ അങ്ങ് അത് ഗൗരവമായി എടുക്കുകയും അന്വേഷിക്കുകയും നടപടി എടുക്കുകയും വേണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇതൊരു അടിയന്തര പ്രമേയമായി ഉന്നയിക്കേണ്ടതാണ് അങ്ങ് എസ്.ഐ.യെയും ഡ്രൈവറെയും സസ്പെന്റ് ചെയ്തതുകൊണ്ട് അങ്ങേയ്ക്ക് ഇക്കാര്യത്തിൽ ദുരുദ്ദേശമില്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. അല്ലെങ്കിൽ രാവിലെ ഈ വിഷയം അടിയന്തരപ്രമേയമായി വരേണ്ടതാണ്. അടിയന്തര പ്രമേയമല്ലെങ്കിൽപ്പോലും ഗൗരവമായ സംഭവമായതുകൊണ്ട് ഞങ്ങൾക്ക് സഭ സ്തംഭിപ്പിക്കാം. 302 പ്രകാരം കേസെടുക്കണം. 10 ലക്ഷം രൂപ എങ്കിലും ആ കുടുംബത്തിന് കൊടുത്ത് ഇത്തരം സംഭവങ്ങൾ മേലാൽ പോലീസ് കസ്റ്റഡിയിൽ ഉണ്ടാകാതിരിക്കാൻ മാതൃകാപരമായ നടപടിയെടുക്കണം. ഇല്ലെങ്കിൽ തീർച്ചയായും ഇത് വീണ്ടും അടിയന്തരപ്രമേയമായി ഇവിടെ വരുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തികച്ചും ദൗർഭാഗ്യകരമായ ഒരു

സംഭവമാണ് ആലപ്പുഴയിലുണ്ടായത്. ആ സംഭവത്തോട് ഗവൺമെന്റ് വളരെ പോസിറ്റീവായിട്ടാണ് പ്രതികരിച്ചത്. അതിന്റെ പ്രാഥമികമായ ഒരു നിഗമനം വന്നപ്പോൾ ഉത്തരവാദികൾ എന്നുകണ്ട ഒരു സബ് ഇൻസ്പെക്ടർ, ആ വണ്ടിയിലുണ്ടായിരുന്ന പോലീസ് ഡ്രൈവർ എന്നീ രണ്ടുപേരെയും സസ്പെന്റ് ചെയ്തു. മാത്രമല്ല ഇതിനകത്ത് നിന്ന് മനസ്സിലാക്കേണ്ടത്, ഒരാളെ കസ്റ്റഡിയിലെടുത്ത് കൊണ്ടുപോകുമ്പോൾ പുറകിൽ കസ്റ്റഡിയിലെ ടുത്ത വ്യക്തിയോടൊപ്പം ഏറ്റവും ചുരുങ്ങിയത് ഒരു പോലീസുകാരൻ കൂടി യെങ്കിലുമുണ്ടാകണമായിരുന്നു. അത് ഒരു അനുഭവമായി ഗവൺമെന്റ് എടു ക്കുകയാണ്. അങ്ങനെ ഫ്രീയായി ഒരാളെ പുറകിൽ ഇരുത്തുന്ന ഒരു സാഹ ചര്യമുണ്ടാകരുത്. കാരണം ഈ പ്രശ്നത്തിന്റെ നിഗമനം വന്നുകഴിഞ്ഞ പ്പോൾ, എടുത്തുചാടിയതാണെന്നും അല്ലെന്നുമുള്ള രണ്ട് വാദഗതികൾ നിലനിൽക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഇതിന്റെ പിന്നിൽ ഒരാൾ കൂടി ഉണ്ടായിരുന്നുവെങ്കിൽ അങ്ങനെ ഒരു സാഹചര്യം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. അതിന്റെ ഡെറിലിക്ഷൻ ഉണ്ടായിട്ടുണ്ടോ എന്നുള്ളതി നെക്കുറിച്ചുകൂടി പരിശോധിക്കുന്നതാണ്. അങ്ങ് തന്നെ എന്നോട് നേരിട്ട് പറ ഞ്ഞു. എനിക്ക് ഈ കുട്ടിയുടെ കുടുംബബന്ധങ്ങളെ നന്നായി അറിയാവു ന്നതാണ്. ഈ കുട്ടിയുടെ ഒരു പിതൃസഹോദരനായ ശ്രീ. മുരുകൻ എനിക്ക് വളരെ വ്യക്തിപരമായി അടുപ്പമുള്ള ആളാണ്. അങ്ങ് രണ്ട് മൂന്ന് പ്രാവശ്യം ഇക്കാര്യത്തിന് എന്നെ വിളിച്ചിട്ടുണ്ട്. ഈ കുട്ടിയെ ആലപ്പുഴയിൽനിന്ന് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുവരുന്ന സമയത്തും അങ്ങ് എന്നോട് ബന്ധപ്പെട്ടിരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ പരിചരണങ്ങളും കൊടുക്കണമെന്ന് ഞാൻ തന്നെ അഭ്യർത്ഥിച്ചിരുന്നു. പക്ഷേ കോട്ടയത്തെ ചികിത്സ പോരാത്തതു

കൊണ്ടാണ് അമൃത ഹോസ്പിറ്റലിലേയ്ക്ക് ആ കുട്ടിയെ വീണ്ടും മാറ്റിയത്. അപ്പോൾ ഇക്കാര്യത്തിൽ ഓരോ സന്ദർഭത്തിലും ഗവൺമെന്റിനും വ്യക്തിപരമായും ചെയ്യാവുന്ന എല്ലാ രൂപത്തിലുമുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇനി ഇതിന്റെ കേസിന്റെ ബാക്കി കാര്യങ്ങളെക്കുറിച്ച് നോക്കണം. അങ്ങനെ നോക്കുമ്പോൾ എന്റെ ഒരു നിഗമനം, ഇത് ക്രൈം ബ്രാഞ്ചിന് വിടുന്നതാണ് നല്ലതെന്നാണ്. കാരണം ഇത്രയും കാര്യങ്ങളെക്കുറിച്ചൊക്കെ അന്വേഷണകാര്യങ്ങൾ വരുമ്പോൾ വിശദമായ അന്വേഷണം നടക്കട്ടെ? ആ വിശദമായ അന്വേഷണത്തിനകത്ത് കുറ്റക്കാർ ആരാണെന്ന് കണ്ടാൽ, അവർക്കെതിരെ നമുക്ക് നടപടിയെടുക്കണം. കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമ്പോൾ അവർ നിസ്തർക്കം കുറ്റക്കാരാണെന്ന് സ്ഥാപിക്കാൻ കഴിയത്തക്കവിധത്തിലുള്ള അന്വേഷണംകൂടി നടക്കണം. അതുകൊണ്ടാണ് ഇത് ക്രൈം ബ്രാഞ്ച് അന്വേഷിക്കട്ടെ എന്ന് തീരുമാനിച്ചത്. അങ്ങ് ഇതോടൊപ്പം ഹൈവേ ഗുണ്ടകളുടെ കാര്യം പറഞ്ഞു. അവിടെ പോലീസ് സംവിധാനത്തിൽ കുറേ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പോലീസ് സംവിധാനത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വച്ച ആളുകൾ മാത്രമല്ല അവിടെയുള്ളത്, നേരത്തെയുള്ള ആളുകളുമുണ്ട്. ഞാനവരെയെല്ലാം ശരി, തെറ്റ് എന്നുള്ള നിലയിലോ അതല്ലെങ്കിൽ പൊളിറ്റിക്സിന്റെ അടിസ്ഥാനത്തിലോ ഒന്നും തരംതിരിച്ച് കാണുന്നില്ല. അപ്പോൾ അങ്ങനെ എന്തെങ്കിലും ഒരു സംഭവമുണ്ടോ എന്ന് പരിശോധിക്കണം. നമുക്ക് ഗുണ്ടകളെ അമർച്ച ചെയ്യാതെ വേറെ ഒരു മാർഗ്ഗവുമില്ല. അതിന് വേണ്ടിയുള്ള നടപടികൾ എടുത്തേ മതിയാകൂ. പോലീസ് സംവിധാനത്തിൽ കുറേ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇനിയും എന്തെങ്കിലും മാറ്റമുണ്ടാക്കണം എന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെടുകയാണെങ്കിൽ നിശ്ചയമായും ഇതുപോലുള്ള അക്രമപ്രവർത്തനങ്ങൾ അടിച്ച

മർത്തുന്നതിനും ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പാക്കുന്നതിനും വേണ്ടി മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങ് അവസാനമായി പറഞ്ഞ നഷ്ടപരിഹാരത്തിന്റെ കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിക്കണം. ക്യാബിനറ്റിൽ പോകേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സഭയിലില്ല. ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൂടിപ്പെടുത്തുന്നതാണ്. ഒരു മന്ത്രിയെന്ന നിലയിൽ ഞാൻ കാണിക്കേണ്ട ഔചിത്യമുണ്ട്. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ പറഞ്ഞത്. ഞാൻ അതിനെ ഒപ്പോസ് ചെയ്യുകയല്ല. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചേ പറയാൻ സാധിക്കൂ. ഇത്രയും വലിയ തുകയാകുമ്പോൾ സ്വാഭാവികമായും അത് ക്യാബിനറ്റിൽ പോകേണ്ടതായി വരും. അത് സഹപ്രവർത്തകരുമായി ആലോചിച്ച് പോസിറ്റീവായ ഒരു നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (7) പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പൂതാടി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്. പൂതാടി പഞ്ചായത്തിന്റെ പരിധിയിൽ സെക്ഷൻ ഓഫീസ് ഇല്ലാത്തതുകൊണ്ട് ഇവിടത്തെ വൈദ്യുതി ഉപഭോക്താക്കൾ വളരെയധികം പ്രയാസപ്പെടുകയാണ്. മാത്രമല്ല 15–20 കി.മീ. യാത്ര ചെയ്ത് ഇവിടെയുള്ള ഉപഭോക്താക്കൾ മീനങ്ങാടി, പനമരം, പുൽപ്പള്ളി, ബത്തേരി തുടങ്ങിയ അഞ്ച് പഞ്ചായത്തുകളെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ പൂതാടി പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന ഏണിച്ചിറ എന്ന സ്ഥലത്ത് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കുകയാണെങ്കിൽ ഉപഭോക്താക്കൾക്ക് ഏറെ പ്രയോജനകരമാകും.

ഇവിടെ ഓഫീസ് അനുവദിക്കുകയാണെങ്കിൽ അതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കുകയും ചെയ്യും. ആയതിനാൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. പക്ഷേ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് 25000-ത്തിൽ കൂടുതൽ കൺസ്യൂമേഴ്സോ അല്ലെങ്കിൽ 100 സ്ക്വയർ കിലോമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമോ വേണം. അത് അവിടെയില്ല. പക്ഷേ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പൂതാടി പഞ്ചായത്തിൽ നിന്ന് 15-ഉം 20-ഉം കിലോമീറ്റർ ദൂരെപോയാണ് ആളുകൾ പണമടയ്ക്കുന്നത്. മലയോരപ്രദേശമായതിനാൽ പ്രയാസങ്ങളുണ്ട്. അത് പരിഗണിച്ച് പഞ്ചായത്ത് അവിടെ ഫ്രീയായി സ്ഥലം തരുന്നപക്ഷം ആ പഞ്ചായത്തിൽ ഒരു സബ് എഞ്ചിനീയർ ഓഫീസ്, പേമെന്റ് സൗകര്യത്തോടുകൂടി; ബില്ലടയ്ക്കാനുള്ള സൗകര്യത്തോടുകൂടി ഏർപ്പാട് ചെയ്ത് കൊടുക്കുന്നതാണ്.

## (8) സാമൂഹ്യപരിരക്ഷാ കേന്ദ്രങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, പല വകുപ്പുകളും സ്ഥാപനങ്ങളും അവരുടെ പ്രവർത്തനശൈലിയിലും ധാരണകളിലുമൊക്കെ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. അതനുസരിച്ച് പേരിലും ചില മാറ്റങ്ങൾ ആവശ്യമായിട്ടുണ്ട്. മെന്റലി റിട്ടാർഡഡ് മാറി ഡിഫറന്റ്ലി ഏബിൾഡ് ആയി, മെന്റൽ

ഹോസ്പിറ്റലുകൾ മാനസികാരോഗ്യ കേന്ദ്രങ്ങളായി മാറി, ഫയർ ഫോഴ്സ് ഫയർ ആന്റ് റെസ്ക്യൂ വകുപ്പായി, സോഷ്യൽ വെൽഫയർ മാറി സോഷ്യൽ ജസ്റ്റിസായി. അതുപോലെതന്നെ അനാഥാലയങ്ങളുടേയും ജുവനൈൽ ഹോമുകളുടേയും പേരുകളിലും മാറ്റം വരുത്തേണ്ട സമയമായി. അനാഥലയ ങ്ങളും ജുവനൈൽ ഹോമുകളിലുംചെന്ന് പെടേണ്ടിവരുന്ന അന്തേവാസി കൾക്ക് ആജീവനാന്തം തങ്ങൾ ആരോരുമില്ലാത്തവരാണ് എന്ന അപകർഷ താബോധം ഉണ്ടാകരുത്. സമൂഹത്തിന്റെ സംരക്ഷണം തങ്ങൾക്കുണ്ട് എന്ന ആത്മവിശ്വാസം അവരിൽ വളർത്തണം. വസ്തുതാപരമായി നോക്കിയാലും അവിടത്തെ അന്തേവാസികളെല്ലാവരും ആരുമില്ലാത്തവരല്ല. അതുകൊണ്ട് അവ കേവലം അനാഥലയങ്ങളല്ല, സാമൂഹ്യ പരിരക്ഷണകേന്ദ്രങ്ങളാണ്. സമൂഹത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് അനാഥാലയങ്ങളുടേയും സമാനമായ സ്ഥാപനങ്ങളുടേയും പേരുകളിൽ മാറ്റം വരുത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സംസ്ഥാനത്ത് അനാഥാലയങ്ങൾ എന്ന് പൊതുനാമധേയത്തിൽ അറിയപ്പെടുന്ന സ്ഥാപനങ്ങൾ, ദി ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ) ആക്ട്, 1960 എന്ന കേന്ദ്ര ആക്ടിന്റെ കീഴിൽ സംസ്ഥാന സർക്കാർ രൂപീക രിച്ച കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിച്ചുവരുന്ന വയാണ്. പ്രസ്തുത ആക്ടിന്റെ വകുപ്പ് 2(ഡി) പ്രകാരം ഹോം എന്ന് നിർവ്വ ചിച്ചിട്ടുള്ളത് ഓർഫനേജ് എന്നോ മറ്റുപേരിലോ അറിയപ്പെടുന്ന സ്ഥാപന മെന്നാണ്. ഈ നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾ പ്രത്യേക പേരിലാവണമെന്ന് ആക്ട് നിർബന്ധിക്കുന്നില്ല. സംസ്ഥാനത്ത് 12–03–2013 വരെ 2107 സ്ഥാപനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഓർഫനേജുകൾ, അനാഥാലയങ്ങൾ തുടങ്ങിയിട്ടുള്ള പേരുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് 09–01–2010-ൽ കൂടിയ ബോർഡ് യോഗം നിയമവശങ്ങൾ ഉൾപ്പെടെ വിശദമായി ചർച്ച ചെയ്യുകയും അന്തേവാസിയുടെ വ്യക്തിത്വത്തിന് ഭാവിയിൽ സങ്കീർണ്ണതയുണ്ടാക്കാത്ത; അപകർഷതാബോധമുണ്ടാക്കാത്ത വിധത്തിലുള്ള പൊതുസ്വാഭാവമുള്ള പേരുകൾ സ്വീകരിക്കുവാൻ സ്ഥാപനങ്ങളോട് അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ജില്ലകൾതോറും സ്ഥാപനമേധാവികളുടെ യോഗം വിളിച്ചുകൂട്ടി ഈ ആശയം ചർച്ച ചെയ്യുകയും വളരെയധികം സംഘടനകൾ ഈ രൂപത്തിലുള്ള മാറ്റത്തിനുവേണ്ടി മുന്നോട്ടുവരികയുമുണ്ടായി. ആകയാൽ ഉപദേശനിർദ്ദേശങ്ങൾ കൊടുത്ത് പേര് മാറ്റുവാനേ തൽക്കാലം നിർവ്വാഹമുള്ളൂ, നിയമപരമായി നിർബന്ധിക്കുന്നത് യുക്തമല്ല, എന്നിരുന്നാലും ബന്ധപ്പെട്ടവരുമായുള്ള ചർച്ചയിൽകൂടി അനാഥാലയങ്ങളുടെ പേര് സാമൂഹ്യപരിരക്ഷാ കേന്ദ്രങ്ങൾ എന്നാക്കി മാറ്റാനുള്ള ഈ നിർദ്ദേശം സ്വാഗതാർഹമാണ്. അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) രൂക്ഷമായ കുടിവെള്ളക്ഷാമം

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമമാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ഇലകമൺ പഞ്ചായ

ത്തിൽ മാസത്തിലൊരിക്കലാണ് വാട്ടർ അതോറിറ്റി പൈപ്പുകളിൽ വെള്ളം എത്തുന്നത്. കിണറുകൾ മിക്കതും വറ്റിയതും പൈപ്പ് വെള്ളത്തെ ആശ്രയി ക്കുന്നവരുടെ എണ്ണം കൂടിയതുമൂലവും പൈപ്പിലൂടെ കുടിവെള്ളം കിട്ടാത്ത ദുരവസ്ഥയാണ്. ഇതിന് പ്രധാന കാരണം വർക്കലയിൽ വെള്ളം എത്തി ക്കുന്ന പ്രധാന പമ്പിംഗ് സ്റ്റേഷനുകളിൽ ഡിസ്ച്ചാർജ് കുറഞ്ഞ മോട്ടോറുക ളാണ് ഇപ്പോഴും നിലവിലുള്ളത്. കാലപ്പഴക്കം കാരണം ശേഷികുറഞ്ഞ പമ്പുകൾ മാറ്റി സ്ഥാപിക്കണമെന്ന് ഒരുപാട് നാളുകളായി ആവശ്യ പ്പെടുകയാണ്. പുഴക്കടവിൽ മൂന്ന് മോട്ടോറുകളുണ്ടെങ്കിലും പുതിയതായി സ്ഥാപിച്ചാൽ മാത്രമേ ഈ വേനൽക്കാലത്ത് പിടിച്ചുനിൽക്കാൻ സാധിക്കൂ. മൂന്ന് മോട്ടോറുകൾക്ക് പ്രൊപ്പോസൽ നൽകിയെങ്കിലും ഒരെണ്ണം മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതിന്റെ ടെൻഡർ നടപടി നടന്നുവരികയാണ്. ബൂസ്റ്റർ പമ്പ് ഹൗസായ തെറ്റിക്കുളത്തും പുതിയ മോട്ടോറുകൾ സ്ഥാപിക്കാൻ പ്രൊപ്പോസൽ നൽകിയെങ്കിലും രണ്ടെണ്ണത്തിനുമാത്രമാണ് അനുമതി ലഭിച്ച ത്. തെറ്റിക്കുളത്തും പുഴക്കടവിലും ആവശ്യമായ മൂന്ന് മോട്ടോറുകൾ വീതം അടിയന്തരമായി സ്ഥാപിക്കാനുള്ള നടപടി വേണം. പമ്പിംഗ് സോഴ്സിൽ നിന്ന് മുഴുവൻ തോതിൽ ജലം പമ്പ് ചെയ്താൽ മാത്രമേ എല്ലാ പ്രദേശങ്ങ ളിലും ലഭിക്കൂ. പക്ഷേ വർക്കലയിൽ ഇതിനും സാധിക്കുന്നില്ല. പഴകിയ ജി. ഐ.എ.സി പൈപ്പുകളാണ് എല്ലായിടത്തും നിലവിലുള്ളത്. പൂർണ്ണതോതിൽ പമ്പ് ചെയ്യുമ്പോൾ പൈപ്പ് പൊട്ടിത്തെറിച്ച് റോഡ് മുഴുവൻ വെള്ളമാകുന്ന തോടെ ജനങ്ങൾക്ക് പബ്ലിക്ക് ടാപ്പുകളിൽനിന്ന് വെള്ളം കിട്ടാത്ത അവസ്ഥ യാണ് നിലവിലുള്ളത്. ഈ പ്രശ്നം പരിഹരിക്കാൻ, പഴയ പൈപ്പുകൾ മാറ്റു ന്നതിനായി 11 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ട് നാളേറെ

യായി. അതിനും അടിയന്തരമായി അനുമതി ലഭിക്കേണ്ടതുണ്ട്. രഘുനാഥ പുരം ഓവർഹെഡ്സ് ടാങ്കിൽനിന്ന് ഇടവ-ഇലകമൺ പഞ്ചായത്തുകളിൽ വെള്ളം എത്തിക്കാനുള്ള ട്രാൻസ്മിഷൻ ലൈനുകൾ സ്ഥാപിക്കുന്ന പണി യുടെ ടെൻഡർ കഴിഞ്ഞെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുകയാണ്. ശിവഗിരിയുമായി ബന്ധപ്പെട്ട് കിടക്കുന്ന തൊടുവൈ (Thoduvai) പദ്ധതിയുടെ നവീകരണത്തിന് നടപടി വേണമെന്ന് ആവശ്യപ്പെ ട്ടിരുന്നെങ്കിലും നാളിതുവരെ ഒന്നും നടന്നില്ല. രൂക്ഷമായ വേനൽക്കാലത്ത് ജലക്ഷാമം നേരിടാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ ആവശ്യ മാണ്. ജനപ്രതിനിധികൾക്ക് പലപ്പോഴും റോഡിൽ ഇറങ്ങാൻ കഴിയാത്ത തര ത്തിലാണ് പ്രതിഷേധങ്ങൾ നടക്കുന്നത്. ഈ സവിശേഷ സ്ഥിതി പരിഗണിച്ച് ഇക്കാര്യങ്ങളിൽ അടിയന്തര തീരുമാനം കൈക്കൊള്ളുവാനും വാട്ടർ അതോറിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് അംഗങ്ങ ളുൾപ്പെടെയുള്ള ജനപ്രതിനിധികളുടേയും ഒരു സംയുക്തയോഗം വിളിച്ചു കൂട്ടി അടിയന്തര പരിഹാരം ഉണ്ടാക്കാൻ വേണ്ടത് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, വർക്കല നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒട്ടേറെ നടപടികൾ എടുത്തുവരികയാണ്. വർക്കല മുനിസിപ്പാലിറ്റിയിലെ പുത്തൻചന്ത, കണ്ണമ്പ മൈതാനം, പുന്നമൂട്, മടവൂർ പഞ്ചായത്തുകളിലെ മടവൂർ ഭാഗത്തുള്ള പൈപ്പുകൾ, വെട്ടൂർ പഞ്ചായത്തിലെ എ.സി. പൈപ്പു കൾ, പള്ളിക്കൽ പഞ്ചായത്തിലെ എ.സി. പൈപ്പുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിന് 11 കോടി രൂപയുടെ പദ്ധതികൾ തയ്യാറായി കഴിഞ്ഞിട്ടുണ്ട്.

ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. ഇതിൽ മടവൂർ-പള്ളിക്കൽ കുടിവെള്ള പദ്ധതിക്കുവേണ്ടി 9.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തീരദേശ മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി 31 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. തെറ്റിക്കുളം പമ്പിംഗ് സ്റ്റേഷനിലെ നിലവിലെ പഴയ പമ്പ് സെറ്റുകൾ മാറ്റുന്ന തിനായി അമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്കല ജലവിതരണ പദ്ധതിയിലെ പമ്പ് ഹൗസിൽ 200 എച്ച്.പി. പമ്പ് സ്ഥാപിക്കുന്ന തിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിനുള്ള ടെൻഡർ നടപടിയും നടന്നുവരികയാണ്. മുനിസിപ്പൽ പ്രദേശങ്ങളിലേയും സമീപ പ്രദേശങ്ങളി ലേയും പമ്പ് ഹൗസുകളിലെ കിണറുകൾ വൃത്തിയാക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. അതിനുള്ള പ്രവർത്തികൾ ഏറ്റെടുത്ത് നടന്നുവരുന്നു. മടവൂർ പഞ്ചായത്തിൽ വർഷങ്ങളായി വെള്ളം ലഭിക്കാതിരുന്ന പുലിയൂർക്കോണം, മങ്കോണം എന്നീ പ്രദേശങ്ങളിലെ കേടുവന്ന പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. നിലവിൽ നട ന്നുകൊണ്ടിരിക്കുന്ന പ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീ. വർക്കല കഹാർ ഉന്നയിച്ച കാര്യങ്ങൾ ഗൗരവമായി എടുത്തുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അബ്ദുൾ റസാക്. .....Not in the seat. ..... പ്രൊഫ. സി. രവീന്ദ്രനാഥ്.

## (10) ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പുതുക്കാട് നിയോജകമണ്ഡലത്തിലെ കുറുമാലി പുഴയുടെ അപ്സ്ട്രീമിലുള്ള ചിമ്മിനി ഡാമിനെ കേന്ദ്രീകരിച്ച് ചിമ്മിനി ഇക്കോ ടൂറിസമെന്ന പദ്ധതി ആരംഭിച്ചിരുന്നു. പക്ഷേ വനംവകുപ്പും ജലസേചന വകുപ്പും തമ്മിലുള്ള തർക്കങ്ങൾമൂലം അനുവദിച്ച പണം വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ ജൈവ വൈവിദ്ധ്യ കേന്ദ്രങ്ങളിൽ ഏറ്റവും സമ്പന്നമായ പ്രദേശങ്ങളിലൊന്നാണ് ചിമ്മിനി. സാധ്യതയ്ക്കനുസരിച്ച് വികസിപ്പിച്ചാൽ കേരളത്തിലെ ഏറ്റവും നല്ല ജൈവ വൈവിദ്ധ്യ ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ചിമ്മിനിക്ക് കഴിയും. ഒന്നാം ഘട്ടം പൂർത്തിയാക്കാനും രണ്ടാം ഘട്ടമായി ഡാം സൈറ്റ് മോടിപിടിപ്പിക്കാനും അനുവാദവും അനുമതിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ജലസേചന-വന-ടൂറിസം വകുപ്പുകളുടെ ഒരു സംയുക്ത യോഗം എത്രയും വേഗം ചേരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ഒന്നാം ഘട്ടം ചെറിയ പ്രോജക്ട് എന്നുള്ള നിലയിൽ പൂർത്തീകരിക്കുകയും രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിൽനിന്ന് കെട്ടിടങ്ങൾ ലഭ്യമാക്കി ഇക്കോ ലോഡ്ജ്_നിർമ്മാണം നടത്തുകയായിരുന്നു രണ്ടാംഘട്ടത്തിൽ പ്രധാനമായി നടത്തേണ്ട പ്രവർത്തനം. എന്നാൽ ജലസേചന വകുപ്പിൽനിന്ന് ആവശ്യമായ കെട്ടിടങ്ങൾ കൈമാറി ലഭിക്കാതിരുന്നതിനാൽ പണികൾ ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഏറുമാടനിർമ്മാണം,

സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള ടോയ്‌ലറ്റ് ബ്ലോക്കുകൾ, ഇന്റർപ്രെട്ടേഷൻ സെന്റർ, റെസ്റ്റിംഗ് പോയിന്റ്, കമ്പ്യൂട്ടറൈസേഷൻ ടിക്കറ്റ് കൗണ്ടർ മുതലായവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതുക്കിയ പദ്ധതിയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. എന്നാൽ അതിനോടൊപ്പം വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടായിരുന്നില്ല. ആയതിനാൽ പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ഇക്കോ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ച് ചേർക്കുന്നതാണ്.

## (11) എം. സി. റോഡ് നിർമ്മാണം

ശ്രീ. മോൻസ് ജോസഫ്: സർ, കെ.എസ്.ടി.പി. റോഡ് വികസന പദ്ധതിയുടെ രണ്ടാംഘട്ടം നിർമ്മാണം ആരംഭിക്കുന്നതിന് ഗവൺമെന്റ് വളരെ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ എം.സി. റോഡിന്റെ വികസനപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്ന ആദ്യത്തെ നിയമസഭാ സമ്മേളനത്തിൽ തന്നെ കേരളത്തിലെ കെ.എസ്.ടി.പി. റോഡ് വികസനവുമായി ബന്ധപ്പെട്ട് ശ്രദ്ധക്ഷണിക്കൽ പ്രമേയം സഭയിൽ കൊണ്ടുവരികയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സജീവമായി ഇടപെട്ടുകൊണ്ട് ലോകബാങ്കിന്റെ സഹായം നേടിയെടുക്കുന്നതിനും ഈ പദ്ധതി കേരളത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് വളരെ വലിയ പരിശ്രമം നടത്തിയ

തിന് പ്രത്യേകം ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ എം.സി. റോഡിന്റെ വികസനം, ചെങ്ങന്നൂർ മുതൽ കോട്ടയം, ഏറ്റുമാനൂർ, പട്ടിത്താനം, കൂത്താട്ടുകുളം, മൂവാറ്റുപുഴ, ചങ്ങനാശ്ശേരി, തിരുവല്ല ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട വിവിധ സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന എം.സി. റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് കാര്യങ്ങൾ അന്തിമഘട്ടത്തിൽ എത്തിനിൽക്കുകയാണ്. അടിയന്തര പരിഗണന കൊടുത്തുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ആരംഭിക്കുന്നതിന്, വളരെ വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്ന വിധത്തിലുള്ള ഒരു സമയബന്ധിത പ്രോഗ്രാം ഇതു സംബന്ധിച്ച് ആവിഷ്കരിക്കേണ്ടത് ആവശ്യമാണ്. കഴിഞ്ഞകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ടി..പി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിപ്പോവുകയും സമയബന്ധിതമായി തീരാതെയിരുന്നതും ഏറ്റവും വലിയ ദുരന്തമായിത്തന്നെ നമ്മുടെ സംസ്ഥാനം അനുഭവിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം മുന്നിൽ കണ്ടുകൊണ്ട് കെ.എസ്.ടി.പി. സെക്കന്റ് ഫേസ് നടപ്പാക്കുന്നതിനുവേണ്ടി പ്രത്യേകമായ ഒരു കർമ്മപരിപാടി ഗവൺമെന്റ് ആവിഷ്ക്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അക്കാര്യത്തിൽ എം.സി.റോഡിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട്, കെ.എസ്.ടി.പി. കേരളത്തിൽ ഏറ്റെടുത്ത എല്ലാ റോഡുകളും ഇതോടൊപ്പം നടപ്പാക്കാൻ വേണ്ടി ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളിൽ എം.സി. റോഡ് വികസന പദ്ധതി ഒരു മോഡൽ പ്രോജക്ടെന്ന നിലയിൽ എടുത്തുകൊണ്ട് ഇതിന് പ്രത്യേകമായ നടപടികൾ സ്വീകരിക്കുവാനും ഇത് എന്ന് ആരംഭിക്കാൻ കഴിയും എന്ന് പൂർത്തിയാക്കാനാണ് ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നത് എന്നിവ അടക്കമുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രത്യേകമായ പരിഗണന ഉണ്ടാകണമെന്നും എം.സി. റോഡ് വികസനം എത്രയും പെട്ടെന്ന് ആരംഭിക്കുന്ന

തിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ലോകബാങ്കിന്റെ സഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്കായി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റേയും ലോക ബാങ്കിന്റേയും അംഗീകാരം ലഭിച്ചുകഴിഞ്ഞു. 1166 കോടി രൂപയുടെ ലോക ബാങ്ക് സഹായത്തിനുള്ള കരാറായി കഴിഞ്ഞിരിക്കുകയാണ്. 363 കി.മീ ദൈർഘ്യം വരുന്ന ആറ് റോഡുകളുടെ നിർമ്മാണം ആണ് കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എം.സി.റോഡിന്റെ ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെ തിരുവല്ല ബൈപ്പാസ് ഉൾപ്പെടെ മൊത്തം 540 കോടി രൂപ മുതൽമുടക്കുള്ള റോഡിന്റെ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ഇതിൽ ചെങ്ങന്നൂർ–ഏറ്റുമാനൂർ, ഏറ്റുമാനൂർ–മൂവാറ്റുപുഴ എന്നീ രണ്ട് റീച്ചായിട്ടാണ് ടെൻഡർ ചെയ്യാൻ ഉദ്ദേശിക്കുന്നത്. കരാറുകാരിൽനിന്ന് ദർഘാസ് ക്ഷണിക്കുന്നതിന് ലോക ബാങ്ക് നിബന്ധന അനുസരിച്ചുള്ള invitation for bid notice തയ്യാറാക്കി ലോക ബാങ്കിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ലോക ബാങ്കിൽ നിന്ന് എൻ.ഒ.സി. ലഭിച്ചാൽ ഉടൻത്തന്നെ രണ്ട് റീച്ചിന്റെയും ടെൻഡർ ക്ഷണിക്കുന്നതാണ്. 2013–ജൂൺ മാസം അവസാനത്തോടുകൂടി ഈ റീച്ചുകളുടെ നിർമ്മാണ പ്രവർത്തികൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. നിർമ്മാണ കാലാവധി മുപ്പത് മാസമായാണ് നിശ്ചയിച്ചിരിക്കുന്നത്. 2.5 കി.മീ ദൈർഘ്യം വരുന്ന തിരുവല്ല ബൈപ്പാസ് റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഈ റോഡിന് ഉദ്ദേശ്യം അമ്പത് കോടി രൂപ മതിപ്പ്

ചെലവ് കണക്കാക്കുന്നു. ചെങ്ങന്നൂർ–മൂവാറ്റുപുഴ റോഡ് വികസനത്തിനാവശ്യമായ 33.2328 ഹെക്ടർ ഭൂമിയിൽ 98.6 ശതമാനം ഭൂമി ഇതിനകം കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുണ്ട്. ബാക്കി വരുന്ന 0.54 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്. ചെങ്ങന്നൂർ–മൂവാറ്റുപുഴ റോഡ് നവീകരിക്കുമ്പോൾ ചെറുതും വലുതുമായ പത്ത് പാലങ്ങൾ പുതുക്കി പണിയുന്നതാണ്. ഇതിൽ ഇല്ലിമലത്തോട്, കല്ലിശ്ശേരി, പറയംകുഴി, ആരതികടവ്, കണഞ്ചേരി എന്നീ പാലങ്ങൾ ഉൾപ്പെടുന്നു. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണപ്രവർത്തികൾ നിശ്ചയിച്ച സമയപരിധിക്കുള്ളിൽത്തന്നെ പൂർത്തിയാക്കാനുള്ള നടപടിയും സ്വീകരിക്കും. ബഹുമാനപ്പെട്ട മോൻസ് ജോസഫ് അദ്ദേഹത്തിന്റെ സബ്മിഷനിൽ നിർദ്ദേശിച്ചിട്ടുള്ള പല നല്ല പ്രൊപ്പോസലുകളും ഗവൺമെന്റ് അംഗീകരിച്ചുകൊണ്ട് നമുക്ക് കിട്ടിയിട്ടുള്ള ഈ മഹത്തായ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (12) <u>ചന്ദ്രലാലിന്റെ കൊലപാതകം</u>

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇക്കഴിഞ്ഞ മാർച്ച് 20-ന് ഇലക്ട്രിസിറ്റി ജീവനക്കാരനായ ചന്ദ്രലാൽ ഓഫീസിലേയ്ക്ക് പോകുന്ന വഴിയിൽ ഒരു സംഘം ബൈക്ക് സഞ്ചാരികൾ മുഖംമൂടിയണിഞ്ഞ് കടന്നാക്രമിക്കുകയും വെട്ടിക്കൊല്ലുകയും മരിച്ചെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി മോട്ടോർ ബൈക്ക് പുറത്തുകയറ്റുകയും ചെയ്ത ഭീകര സംഭവമുണ്ടായി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് ഐ.ടി.സി. പ്രദേശത്തുള്ള ഒരു മയക്കുമരുന്ന് മാഫിയയാണ്.

വിശദാംശങ്ങളിലേയ്ക്കൊന്നും പോകാതെ ക്രൈം റിക്കോർഡ് ഞാൻ പറയട്ടെ.

2003 ഏപ്രിൽ 5-ന് രാജപ്പനെന്ന ചെത്തുതൊഴിലാളിയെ വീട്ടിൽ കയറി വെട്ടിക്കൊന്നതും 2004 മാർച്ച് 16-ന് സി.പി.എം. ന്റെ പ്രമുഖ നേതാവായിരുന്ന ബെന്നിയുടെ കൊലപാതകവും 2004-ൽ മാടമ്പറമ്പിൽ ഷാജിയെ കൊലപ്പെടുത്തിയതും 2012-ൽ ചെങ്ങന്നൂരിൽ ആക്രമണം സംഘടിപ്പിച്ചതും അമരാകുളങ്ങര നാസ്സർ എന്നൊരാളെ ആളുമാറി വെട്ടി പരിക്കേൽപ്പിച്ചതും കഴിഞ്ഞ ഒരുമാസത്തിനുമുമ്പ് കാട്ടിൽസ്വദേശി യേശുദാസിനെ വീട്ടിൽ കയറി ആക്രമിച്ചതും ഇത്തരത്തിലുള്ള ഒരു അക്രമി സംഘമാണ്. ശ്രീ. ജി. സുധാകരൻ ചൂണ്ടിക്കാണിച്ചതുപോലെ ആലപ്പുഴ നഗരത്തിലും ഒരു സംഘമുണ്ട്. അതിനെ വിളിക്കുന്ന പേരാണ് ഹൈവേ സംഘം അല്ലെങ്കിൽ ബൈപ്പാസ് സംഘം. ഇവർക്കാണ് ഇവിടത്തെ മയക്കുമരുന്നിന്റെ മൊത്തം ഏജൻസി. ആലപ്പുഴയിലെ ചില പോലീസ് ഉദ്യോഗസ്ഥരുടെ സംരക്ഷണയിലാണ് ഇവർ നിൽക്കുന്നത്. ഇന്നേവരെ ഒരു പോലീസ് ഉദ്യോഗസ്ഥനെക്കുറിച്ചും എനിക്ക് മോശം പറയേണ്ടി വന്നിട്ടില്ല. പക്ഷേ ഇപ്പോൾ പറയുകയാണ്, ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലെ രതീഷ് ഇവർക്കുവേണ്ടിയാണ് നിലപാട് എടുക്കുന്നത്. ഇവർക്ക് നേരിട്ട് രാഷ്ട്രീയമില്ലെങ്കിലും ഈ സംഘങ്ങളിലുള്ളവർ ബി.ജെ.പി, ആർ.എസ്.എസ് ചായ്വ് പലപ്പോഴും കാണിക്കാറുണ്ട്. അങ്ങനെയുള്ള അക്രമങ്ങളിലും ഇവർ പങ്കെടുക്കാറുണ്ട്. ഇതിന്റെ ഫലമായി മണ്ണഞ്ചേരിയിൽ എൻ.ഡി.എഫിന്റെ വളരെ സംഘടിതമായ നീക്കം നടക്കുകയാണ്. ഒരു കമ്മ്യൂണലായിട്ടുള്ള

confrontation-ലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻത്തന്നെ അവിടെ കാൽനട ജാഥ നടത്താൻ ഞാൻ തീരുമാനിച്ചിരിക്കുകയാണ്. നാസ്സർ എന്ന് പറഞ്ഞയാളെ ആളുമാറിയാണ് വെട്ടിയത്. അതിന് പ്രതികാരം ഇപ്പോൾ നടക്കാൻ പോകുകയാണ്. നടക്കുമെന്ന് പോലീസ് ഉദ്യോഗസ്ഥർ തന്നെ പറയുന്നുണ്ട്. ഇത് വളരെ അപകടകരമായിട്ടുള്ളതാണ്. ഇവർ കൊണ്ടും കൊടുത്തും തീർക്കട്ടെയെന്നു കരുതിയിരുന്നാൽ സൂചികൊണ്ട് എടുക്കേണ്ടത് തൂമ്പകൊണ്ട് കോരിയാൽ പോലും കിട്ടാത്ത അവസ്ഥയാകും. ഞാൻ പറഞ്ഞ ഈ സംഭവത്തിൽ അറസ്റ്റ് നടന്നിട്ടുണ്ട്. പക്ഷേ അതിനേക്കാ ളുപരി ഇതിന്റെ വേരുകൾ പിഴുത് കളയുകയും അമർച്ച ചെയ്യുകയും വേണം. അതിന് അവിടത്തെ എം.എൽ.എ.മാരെന്ന നിലയിൽ ഞങ്ങളുടെ എല്ലാ പിന്തുണയുമുണ്ടാകും. അങ്ങ് അവിടെ നേരിട്ട് വന്ന് കാര്യങ്ങൾ പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് സൂചിപ്പിച്ചത് വളരെ ഗൗരവത്തോടുകൂടി ത്തന്നെ ഗവൺമെന്റ് കാണുകയാണ്. ഗവൺമെന്റിനെ കൊണ്ട് ചെയ്യാൻ കഴിയുന്ന എല്ലാവിധ നടപടികളും സ്വീകരിക്കുന്നതാണ്. അങ്ങ് എഴുതിത്തന്ന സബ്മിഷന് ഡിപ്പാർട്ടുമെന്റുവഴി എന്റെ കയ്യിൽ കിട്ടിയ മറുപടി അങ്ങയുടെ അറിവിനുവേണ്ടി ഞാൻ വായിക്കുകയാണ്.

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പന്നിശ്ശേരി കോളനിയിൽ തെക്കെ കവല കിഴക്കോട്ട് തിരിയുന്ന കടയിൽവച്ച് 20.03.2013–ന് രാവിലെ 7.10-ന് ഹീറോ ഹോണ്ട

മോട്ടോർ സൈക്കിളിൽ യാത്ര ചെയ്തുവന്ന മണ്ണഞ്ചേരി പഞ്ചായത്തിൽ മണ്ണഞ്ചേരി കോളനിയിൽ രാമൻകുട്ടിയുടെ മകനും തിരുവല്ല കെ.എസ്. ഇ. ബി. മസ്ദൂറുമായ സജി എമ്മാച്ചനെന്നു വിളിക്കുന്ന ചന്ദ്രലാലിനെ ഒരു സംഘം ആളുകൾ ആക്രമിക്കുകയും പരിക്കേറ്റ് റോഡിൽ കിടന്ന ടിയാനെ പോലീസ് എത്തി ആലപ്പുഴ ജില്ലാ ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തിച്ച സമയം ടിയാന് ഏറ്റ പരിക്കിന്റെ കാഠിന്യത്താൽ മരണപ്പെട്ടുപോയിട്ടുള്ളതുമാണ്.

ഈ സംഗതിക്ക് മണ്ണഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 271/13 U/s. 341, 302, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ മരണപ്പെട്ട ചന്ദ്രലാലും പ്രതികളും തമ്മിലുള്ള കുടുംബ വഴക്കിനെത്തുടർന്നുള്ള വൈരാഗ്യമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് അറിവായിട്ടുണ്ട്. ആറ് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണം തുടർന്നുവരികയാണ്. പ്രതികളുടെ ലിസ്റ്റ് എന്റെ പക്കലുണ്ട്. അങ്ങേയ്ക്ക് അറിയാമെന്ന് തോന്നുന്നു. വേണുഗോപാൽ എന്നു വിളിക്കുന്ന വേണുക്കുട്ടൻ, ബിനു, കിരൺ, കണ്ണനെന്നുവിളിക്കുന്ന കാട്ടിൽ കണ്ണൻ, കണ്ണനെന്നുവിളിക്കുന്ന ഡെൽസി കണ്ണൻ, ജോജോ എന്നുപറയുന്ന മുത്തു, പ്രേമലത ഇവരാണ് ഏഴ് പ്രതികൾ എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. കൊല്ലപ്പെട്ട ചന്ദ്രലാലും ഒന്നാം പ്രതിയും പ്രദേശവാസികളും പരസ്പരം കടുത്ത വിരോധത്തിൽ കഴിഞ്ഞുവരുന്നവരാണ്. അപ്രകാരമിരിക്കെ 2012 ഡിസംബർ മാസം ചന്ദ്രലാലും സഹോദരൻമാരുംകൂടി വേണുഗോപാലിനെ ദേഹോപദ്രവം ഏൽപ്പിക്കുകയുണ്ടായി. നാലും അഞ്ചും പ്രതികൾ ചന്ദ്രലാലിനോട് വിരോധത്താൽ കഴിഞ്ഞുവരുന്നവരും ഒന്നാം പ്രതിയുടെ

സന്തത സഹചാരിയുമാണ്. പ്രതികൾക്ക് ചന്ദ്രലാലിനോടുള്ള വിരോധത്താൽ ഒന്നാം പ്രതിയുടെ സുഹൃത്തായ രണ്ടാം പ്രതിയേയും ഒന്നാം പ്രതി കാർത്ത്യായനി വാടകയ്ക്ക് എടുത്തതാണെന്ന് അറിവായിട്ടുണ്ട്. മരണപ്പെട്ട ചന്ദ്രലാൽ മുമ്പ് ഒന്നാം പ്രതിയുമായിച്ചേർന്ന് ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ളതും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നതും സർക്കാർ ജോലിയിലിരിക്കെ ഒന്നാം പ്രതിയുടെ ക്രിമിനൽ നടപടികളെ എതിർത്തിരുന്ന ആളുമാണ്. പ്രതികൾക്കും മരണപ്പെട്ട ആളുകൾക്കും സമൂഹമദ്ധ്യത്തിൽ ദുഷ്പേര് നിലനിൽക്കുന്നതുമാണെന്നാണ് ഡിപ്പാർട്ടുമെന്റിൽനിന്ന് എനിക്ക് കിട്ടിയ ഉത്തരം. അങ്ങിവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വളരെ ഗൗരവമായി എടുക്കുന്നു.

മദ്ധ്യമേഖലാ റേഞ്ച് ഐ.ജി ശ്രീ. പത്മകുമാറിനെ ചുമതലപ്പെടുത്തി ഇതിന്റെ ഇൻവെസ്റ്റിഗേഷൻ കറക്ടായി കൊണ്ടുപോകും. അങ്ങനെ അവിടെ അക്രമി സംഘത്തെ വിളയാടി നടക്കാൻ അനുവദിക്കുന്ന പ്രശ്നമില്ല. ആവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (13) ‘സരസണ്ണ’ വിഭാഗത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, എന്റെ നിയോജക മണ്ഡലത്തിലെ കർണ്ണാടക അതിർത്തിയോടുചേർന്നുകിടക്കുന്ന പൈവേളികെ, വോർക്കാടി, മീഞ്ച എന്നീ പഞ്ചായത്തുകളിൽ ഏകദേശം 125-ഓളം സരസണ്ണ സമുദായത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഏറ്റവും പിന്നോക്കാവസ്ഥയിൽ വളരെ പരിതാപകരമായ സാഹചര്യത്തിൽ

ജീവിക്കുന്ന ഇവരുടെ കുലത്തൊഴിൽ വീടുകൾ കയറിയിറങ്ങി മുഖലക്ഷണം പറയലാണ്. കർണ്ണാടകയിൽ ഈ വിഭാഗത്തെ പട്ടിക വിഭാഗത്തിൽപ്പെടുത്തി കർണ്ണാടക സർക്കാർ എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് മലങ്കുറ എന്നാണ് ഈ വിഭാഗത്തിൽപ്പെട്ടവർ അറിയപ്പെടുന്നത്. സമൂഹത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഈ വിഭാഗത്തിന്റെ ദയനീയാവസ്ഥ ഇനിയും കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. പ്രത്യേകമായി പരിഗണിക്കപ്പെ ടേണ്ടവരായ സരസണ്ണ വിഭാഗത്തിൽപ്പെട്ട ഈ കുടുംബങ്ങളെ പട്ടികജാതി വിഭാഗത്തിൽപ്പെടുത്തി എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ.പി. അനിൽ കുമാർ</u>): സർ, കാസർഗോഡ് ജില്ലയിലെ കർണ്ണാടക അതിർത്തിയോടുചേർന്നു താമസിക്കുന്ന സരസണ്ണ വിഭാഗത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാണ് സബ്മിഷനിലെ ആവശ്യം. മഹാരാഷ്ട്രയിൽ നിന്നും കുടിയേറി കാസർഗോഡ് ജില്ലയിൽ അധിവസിക്കുന്ന ജോഗി പുരുഷ എന്ന പേരിലും അറിയപ്പെടുന്ന സരസണ്ണ സമുദായത്തിന് സാമൂഹ്യ ശ്രേണിയിൽ മുന്നോക്ക സമുദായങ്ങളുടെ സാമൂഹിക പദവിയാണുള്ളതെന്ന് പ്രമുഖ നരവംശ ശാസ്ത്രജ്ഞനായ കെ.എസ്. സിംഗിന്റെ 'പീപ്പിൾ ഓഫ് ഇന്ത്യ' എന്ന പ്രസിദ്ധീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ലോക്കൂർ കമ്മിറ്റി (Lokur Committee) നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പട്ടികജാതി ലിസ്റ്റിൽ ഒരു സമുദായത്തെ ഉൾപ്പെടുത്തുന്നത്. പഠനങ്ങൾ സൂചിപ്പിക്കുന്നത്

സരസണ്ണ സമുദായം മുന്നോക്ക വിഭാഗത്തിൽപ്പെടുന്നതാണെന്നും ആയതിനാൽ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിൽ അല്ലെന്നുമാണ്. സരസണ്ണ സമുദായം കേരളത്തിലെ സംവരണ പട്ടികയിലൊന്നുംതന്നെ ഇപ്പോൾ ഉൾപ്പെട്ടിട്ടില്ല. സരസണ്ണ സമുദായത്തിന്റെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെക്കുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സിനോട് ആവശ്യപ്പെടുന്നതാണ്. കിർത്താഡ്സിന്റെ പഠനറിപ്പോർട്ട് ലഭിച്ചതിനുശേഷം സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യം പരിശോധിക്കുന്നതാണ്.

## (14) <u>ദളിത് യുവതിയുടെ നേരെയുണ്ടായ പോലീസ് അതിക്രമം</u>

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, 23–3–2013–ൽ അർദ്ധരാത്രി 1.30–ന് പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ മുതുതല പഞ്ചായത്തിൽ പെരുമുടിയൂർ തറയിൽ കറുപ്പംമാരിൽ സതീശന്റെ വീട് പട്ടാമ്പി സബ് ഇൻസ്പെക്ടർ ശ്രീ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു സംഘം പോലീസ് വളയുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. രണ്ടുമാസങ്ങൾക്ക്മുമ്പ് നടന്ന ഒരു കേസ്സിന്റെ പേരിൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ വേണ്ടിയാണ് പോലീസ് സംഘം എത്തിയത്. പോലീസ് വീട് വളയുകയും വാതിൽ ചവിട്ടിത്തുറന്ന് അകത്തുകയറുകയും ചെയ്തു. വാവിട്ട് കരഞ്ഞ നാലുവയസ്സുകാരിയായ മകളെ എടുക്കാൻ സതീശന്റെ ഭാര്യ ശ്രീമതി ലതിക ശ്രമിച്ചപ്പോൾ വളരെ മോശമായ രീതിയിൽ പോലീസ് ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും പിടിച്ചുവലിക്കുകയും മർദ്ദിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടായി. അവരെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. വനിതാ പോലീസിന്റെ

സാന്നിദ്ധ്യം പോലുമില്ലാതെ, അർദ്ധരാത്രി വീട് കയറി ഒരു പ്രതിയെ പിടിക്കാൻ പോയപ്പോൾ ആ കുടുംബത്തിലുള്ള ആളുകളുടെ മാനസികാവസ്ഥയെക്കുറിച്ച് ചിന്തിക്കാൻ പോലും ആരും തയ്യാറാകുകയുണ്ടായില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ ഒട്ടേറെ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു, സ്ത്രീകളെ അസഭ്യം പറഞ്ഞ ആളുകൾക്കെതിരെ 239-ഓളം കേസ്സുകളെടുത്തു എന്നൊക്കെ അവകാശപ്പെടുമ്പോഴാണ് ഇത്തരം നിയമ വിരുദ്ധമായ നിലപാട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു സ്ത്രീയോട് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത് എന്നത് ഏറെ പ്രതിഷേധാർഹമാണ്. അതുകൊണ്ട് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, 20-02-2013 ഉച്ചയ്ക്ക് 12 മണി മുതൽ നാസർ എന്നയാളിന്റെ വീട്ടിൽ ഫൈസൽ, അഭിലാഷ് തുടങ്ങി മുപ്പതോളം പേർ മാരകായുധങ്ങളുമായി അതിക്രമിച്ച് കയറി നാസറിനെ ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ പട്ടാമ്പി പോലിസ് സ്റ്റേഷനിൽ ഐ.പി.സി 143, 147, 148, 149, 447, 323, 326, 308 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 195/2013 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണത്തിൽ പന്ത്രണ്ട് പ്രതികളെ തിരിച്ചറിഞ്ഞു. അതിൽ ഏഴുപേരെ നേരത്തെ തന്നെ അറസ്റ്റ് ചെയ്തു. ഈ കേസ്സിൽ ഒളിവിൽ പോയ പതിനൊന്നാം പ്രതി മുതുതല പെരുമുടിയൂർതറയിൽ കുറുപ്പംമാരിൽ വീട്ടിൽ സതീഷിനെ അന്വേഷിച്ച് അന്വേഷണ ഉദ്യോഗസ്ഥനായ ഗ്രേഡ് എസ്.ഐ.യും രണ്ട് സിവിൽ

പോലീസ് ഓഫീസർമാരും 23–3–2013 രാത്രിയിൽ അയാളുടെ വീട്ടിൽപോയി എങ്കിലും കാണാൻ കഴിഞ്ഞില്ല. അയാളുടെ വീട്ടിൽനിന്ന് പോലീസ് പാർട്ടി തിരിച്ചുവരവെ, അന്നേദിവസം രാത്രി 11.30 ന് ഈ പ്രതിയെ വീടിന് സമീപം വച്ച് കാണുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള നിയമങ്ങൾക്കനുസൃതമായി സ്ഥലവാസികളായ മോഹൻ, അജയകുമാർ എന്നിവരുടെ സാന്നിധ്യത്തിൽ അറസ്റ്റ് ചെയ്യുകയും ചെയ്തു. അറസ്റ്റ് വിവര മറിഞ്ഞ് പ്രതിയുടെ ഭാര്യ ലതിക അറസ്റ്റിന് തടസ്സം സൃഷ്ടിച്ചു. തത്സമയം, അറസ്റ്റ് ചെയ്യാനുണ്ടായ കാര്യത്തെപ്പറ്റി പോലീസ് ലതികയെ പറഞ്ഞ് മനസ്സി ലാക്കിയശേഷം പ്രതിയെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് വൈദ്യപരി ശോധന നടത്തി പട്ടാമ്പി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി. കോടതി ഈ പ്രതിയെ 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്യുകയും ചെയ്തു. ഇതിനെത്തുടർന്ന് രണ്ട് പോലീസുകാർ ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന് പറഞ്ഞ് ലതിക 24–03–2013–ന് പട്ടാമ്പി ഗവൺമെന്റ് ആശു പത്രിയിൽ അഡ്മിറ്റായി. ആശുപത്രിയിൽനിന്നും ഇന്റിമേഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടാമ്പി എസ്.ഐ. ബഷീർ ആശുപത്രിയിലെത്തി ലതിക യുടെ മൊഴി രേഖപ്പെടുത്തി. മൊഴിയിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങൾ സംബന്ധിച്ച് കൂടുതലായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഷൊർണ്ണൂർ ഡിവൈ. എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (15) <u>പുതിയ പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ കുന്നംകുളം പോലീസ് സ്റ്റേഷൻ പ്രവർത്തന മേഖലകൊണ്ടും രജിസ്റ്റർ

ചെയ്യുന്ന കേസ്സുകളുടെ എണ്ണം കൊണ്ടും സംസ്ഥാനത്തുതന്നെ മുൻപന്തിയിൽ നിൽക്കുന്ന പോലീസ് സ്റ്റേഷനുകളിലൊന്നാണ്. 19 വില്ലേജുകൾ ഈ പോലീസ് സ്റ്റേഷന്റെ പരിധിയിലുണ്ട്. 156.28 സ്ക്വയർ കിലോമീറ്ററാണ് ഈ സ്റ്റേഷന്റെ പ്രവർത്തന മേഖല. ഓരോ വർഷവും ശരാശരി രണ്ടായിരത്തോളം കേസ്സുകൾ അവിടെ രജിസ്റ്റർ ചെയ്യുന്നുണ്ട്. 2012-ൽ അത് ക്രമാതീതമായി വർദ്ധിച്ച് 2620-ൽ എത്തി നിൽക്കുകയാണ്. കേസ്സുകളുടെ ബാഹുല്യം കൊണ്ടും പ്രവർത്തനമേഖലയുടെ വലിപ്പം കൊണ്ടും ജനങ്ങൾക്ക് മതിയായ സേവനം നൽകാൻ ഈ പോലീസ് സ്റ്റേഷന് കഴിയാത്ത അവസ്ഥയാണ്. അത്രയ്ക്ക് ഭീമാമാണ് ഈ സ്റ്റേഷനിലെ ജോലിഭാരം. ഇതിന് ഒരു പരിഹാരുണ്ടാക്കുന്നതിനായി കുന്നംകുളം പോലീസ് സ്റ്റേഷൻ വിഭജിച്ച് പെരുമ്പിലാവ് ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. .

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കുന്നംകുളം പോലീസ് സ്റ്റേഷന്റെ പ്രവർത്തനമേഖല 156.28 സ്ക്വയർ കിലോമീറ്ററാണ്. പോലീസ് സ്റ്റേഷന്റെ പരിധിയിൽ കുന്നംകുളം മുനിസിപ്പാലിറ്റി, ചൊവ്വന്നൂർ, ചൂണ്ടൽ, പോർക്കുളം, കാട്ടാമ്പാൽ, കടവല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും കടങ്ങോട് ഗ്രാമപഞ്ചായത്തിന്റെ കുറച്ചുഭാഗവും പതിനെട്ട് ജനസാന്ദ്രതയേറിയ വില്ലേജുകളും ഉൾക്കൊള്ളുന്നു. കുന്നംകുളം പോലീസ് സ്റ്റേഷന്റെ പരിധിയിൽക്കൂടി മഴുവഞ്ചേരി മുതൽ കടവല്ലൂർ വരെ 18 കിലോമീറ്റർ സ്റ്റേറ്റ് ഹൈവേ കടന്നുപോകുന്നു. തൃശ്ശൂർ-കോഴിക്കോട്, ഗുരുവായൂർ- കോഴിക്കോട്, ഗുരുവായൂർ-പാലക്കാട്, എന്നീ സർവ്വീസുകളിലുള്ള വടക്കൻ ജില്ലകളി

ലുള്ള നിരവധി ബസ്സുകളും ഗുരുവായൂർ ക്ഷേത്രത്തിലേയ്ക്ക് അന്യസംസ്ഥാനങ്ങളിൽനിന്ന് മറ്റും ദർശനത്തിനെത്തുന്ന ഭക്തരുടെ വലുതും ചെറുതുമായ നിരവധി സ്വകാര്യ വാഹനങ്ങളും കുന്നംകുളം വഴിയാണ് കടന്നുപോകുന്നത്. കൂടാതെ തൃശ്ശൂർ ജില്ലയിലെ സ്വകാര്യമേഖലയിലടക്കം പ്രവർത്തിക്കുന്ന മുന്ന് മെഡിക്കൽ കോളേജുകളിലേയ്ക്കും അത്രതതന്നെ ചികിത്സാ സൗകര്യത്തിനുള്ള സ്വകാര്യ ആശുപത്രികളിലേയ്ക്കും വരുന്ന വാഹനങ്ങൾ കുന്നംകുളം ജംഗ്ഷൻവഴിയാണ് പോകുന്നത്. തൻമൂലമുണ്ടാകുന്ന ട്രാഫിക് ക്രമീകരണങ്ങളും കുന്നംകുളം പോലീസ് സ്റ്റേഷന്റെ ജോലിഭാരം കൂട്ടുന്നുണ്ട്. കുന്നംകുളം പോലിസ് സ്റ്റേഷൻ 2010-ൽ 1517 കേസുകൾ രജിസ്റ്റർ ചെയ്യുകയും 1927 പരാതികൾ കൈകാര്യം ചെയ്യുകയും ചെയ്തു. 2011-ൽ 1892-കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 2152 പരാതികൾ കൈകാര്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2012-ൽ 2620 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 2337 പരാതികൾ കൈകാര്യം ചെയ്യുകയും ചെയ്തു. മേൽ സംഗതികളെല്ലാം കണക്കിലെടുത്ത് കടവല്ലൂർ, കാട്ടാമ്പാൽ, പോർക്കുളം എന്നീ പഞ്ചായത്തുകളുടെ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പെരുമ്പിലാവ് കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 2011-ൽ തൃശ്ശൂർ ജില്ലാ പോലീസ് മേധാവി ഒരു പ്രൊപ്പോസൽ തയ്യാറാക്കി സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചിരുന്നു. എന്നാൽ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് പെരുമ്പിലാവ് പ്രദേശത്ത് സ്ഥലമോ കെട്ടിടമോ ലഭ്യമാണോയെന്ന് റവന്യു വകുപ്പിനോടും മറ്റ് ബന്ധപ്പെട്ട വകുപ്പുകളോടും അന്വേഷണം നടത്തിയതിൽ അത് ലഭിക്കില്ല എന്നാണ് അറിവായിട്ടുള്ളത്. ഏതെങ്കിലും വ്യക്തികൾ സൗജന്യമായി സ്ഥലം നൽകാൻ തയ്യാറുണ്ടോ എന്നന്വേഷിച്ചതിൽ അതിനുള്ള സാധ്യതയുമില്ല

എന്നാണ് ഇപ്പോൾ ഗവൺമെന്റിന് കിട്ടിയ റിപ്പോർട്ട്. സ്ഥലവും കെട്ടിടവും കിട്ടാത്ത ഒരു സാഹചര്യമാണ് ഇപ്പോൾ തടസ്സമായി നിൽക്കുന്നതെന്ന് വ്യസനസമേതം അറിയിക്കുകയാണ്.

## (16) വിമുക്ത ഭടന്റെ ദുരൂഹമരണം

ശ്രീ. കെ. കെ. നാരായണൻ: സർ, കണ്ണൂർ ജില്ലയിലെ കടമ്പൂർ പഞ്ചായത്തിലെ ആടൂർ പ്രദേശത്തുകാരനായ വി.വി. ദിനേശൻ എന്നയാൾ നാല് വർഷം മുമ്പ് മരണപ്പെട്ടത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കാടാച്ചിറ രജിസ്റ്ററോഫീസ് ബസ് സ്റ്റോപ്പിൽ സ്വാതി ഡെക്കറേഷൻ സെന്റർ എന്ന സ്ഥാപനം നടത്തിവന്നിരുന്ന ദിനേശൻ ഒരു വിമുക്ത ഭടൻ കൂടിയായിരുന്നു. 30–7–2009–ന് രാത്രി ആടൂർ പാലത്തിനടുത്തുള്ള ഒരു വീട്ടിൽ പന്തൽ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്ന വഴി അയാളെ കാണാതായി. നാട്ടുകാരും ബന്ധുക്കളും ചേർന്ന് നടത്തിയ തിരച്ചിലിനെത്തുടർന്ന് 31–7–2009 ഉച്ചയോടുകൂടി മെയിൻ റോഡിൽനിന്നും 150 മീറ്റർ അകലെ ഒരു തോട്ടിൽ മരിച്ചുകിടക്കുന്നതാണ് കാണപ്പെട്ടത്. ദിനേശന്റെ മരണത്തിൽ ബന്ധുക്കളും നാട്ടുകാരും അന്നുതന്നെ സംശയം പ്രകടിപ്പിക്കുകയുണ്ടായി. ദിനേശൻ സഞ്ചരിച്ചിരുന്ന സൈക്കിളും അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന താക്കോൽക്കൂട്ടവും മൊബൈൽ ഫോണും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ തലയുടെ പിൻഭാഗത്ത് ആയുധം കൊണ്ട് ക്ഷതമേറ്റതായും രേഖപ്പെടുത്തിയിട്ടുണ്ട്. എടക്കാട് പോലീസ് അന്നുതന്നെ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങിയെങ്കിലും ഒരു തെളിവും ലഭിച്ചില്ല. തുടർന്ന് ബന്ധുക്കളും നാട്ടുകാരും പരാതിപ്പെട്ടതിനെത്തുടർന്ന് ജില്ലാ പോലീസ് മേധാവിയും മറ്റും ഇടപെട്ട് അന്വേഷണം നാർക്കോ

ട്രിക് സെൽ ഡിവൈ.എസ്.പി.യെ ഏൽപ്പിച്ചു. അതിലും പുരോഗതി ഉണ്ടായില്ല. തുടർന്ന് നടന്ന പ്രക്ഷോഭത്തെ തുടർന്ന് കേസ് അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തു. രണ്ടുവർഷമായി അന്വേഷണം നടത്തിയെങ്കിലും എങ്ങുമെത്തിയില്ല. ഇതൊരു കൊലപാതകമാണെന്ന കാര്യത്തിൽ രണ്ടഭിപ്രായം ഉണ്ടാകാനിടയില്ല. മരണപ്പെട്ട ആൾ സഞ്ചരിച്ച സൈക്കിളും താക്കോലും മൊബൈലുമൊന്നും ഇതുവരെ കണ്ടെത്താനായിട്ടില്ല. അത്തരമൊരു സാഹചര്യത്തിൽ ഇദ്ദേഹത്തിന്റെ മരണം കൊലപാതകമാണെന്ന സംശയം ബലപ്പെടുകയാണ്. കഴിഞ്ഞ മൂന്നരക്കൊല്ലം പോലീസ് നടത്തിയ അന്വേഷണത്തിലും ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തിലും ഒരു തുമ്പും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അന്വേഷണം ഫലവത്തായ രീതിയിൽ നടത്തി ഇതിന് ഉത്തരവാദികളെ കണ്ടെത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച സംഭവം 30–07–2009–ൽ നടന്നതാണ്. ഒരു തോട്ടിൽ നിലത്തമർന്ന നിലയിൽ തല വെള്ളത്തിൽ മുങ്ങിയും കാലുകളുടെ ഭാഗം ഉയർന്നും കാണപ്പെട്ട ഒരു മരണത്തെസംബന്ധിച്ചാണ് അങ്ങ് ഇവിടെ പരാമർശിച്ചത്. എടക്കാട് പോലീസ് സ്റ്റേഷൻ 210/2009 ആയി ഒരു അസ്വാഭാവിക മരണത്തിന് അന്നേ കേസ് രജിസ്റ്റർ ചെയ്തിരുന്നു. എടക്കാട് എസ്.ഐ. മൃതദേഹത്തിന് ഇൻക്വസ്റ്റ് തയ്യാറാക്കി കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിന് വിധേയമാക്കിയശേഷം വെള്ളത്തിൽ മുങ്ങി ശ്വാസംമുട്ടിയതാണ് മരണകാരണമെന്നും ചെവിയുടെ വശത്തായി കാണപ്പെട്ട ഗുരുതരമല്ലാത്ത ചെറിയ പരിക്കുകൾ ബ്ലണ്ട് ഇംപാക്ട് കൊണ്ട് ഉണ്ടായതാണെന്നും

അത് മരണകാരണമല്ലെന്നും പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ അന്നുതന്നെ രേഖ പ്പെടുത്തിയിരുന്നു. വിവരമറിഞ്ഞ് പോലീസ് എത്തുമ്പോൾ മൃതദേഹം നാട്ടു കാർ കരയിലേയ്ക്ക് കയറ്റിക്കിടത്തിയിരുന്ന നിലയിലായിരുന്നു. സ്വാതി ഡെക്കറേഷൻസ് എന്ന പേരിൽ പന്തലും മറ്റും വാടയ്ക്ക് കൊടുക്കുന്ന കട നടത്തിയിരുന്ന ദിനേശൻ തലേദിവസം രാത്രി സുഹൃത്ത് സുന്ദരേശനു മൊത്ത് കരുണാകരൻ എന്ന ആളിന്റെ വീട്ടിൽ പന്തലിന്റെ പണി നടത്തിയതി നുശേഷം പുലർച്ചെ മൂന്നേകാൽ മണിയോടെ ദിനേശന്റെ വക സ്പോർട്ട്സ് സൈക്കിളിൽ സുന്ദരേശനെ പിന്നിലിരുത്തി തിരികെ വരവേ സുന്ദരേശനെ വഴിയിൽ ഇറക്കിയതിനുശേഷം വീട്ടിലേയ്ക്ക് പോയതിനെത്തുടർന്നാണ് ദിനേശന്റെ മൃതദേഹം തോട്ടിൽ കാണപ്പെട്ടത്. ദിനേശൻ ഉപയോഗിച്ച സൈക്കിളും മൊബൈൽ ഫോണും താക്കോൽ കൂട്ടവും മൃതദേഹത്തിന് സമീപമോ മറ്റെവിടെയെങ്കിലുമോ കണ്ടെത്താൻ കഴിഞ്ഞില്ല. ഈ കേസ്സിന്റെ അന്വേഷണം എടക്കാട് സി.ഐ. നടത്തിവരവേ ദിനേശന്റെ സൈക്കിളും മൊബൈൽ ഫോണും താക്കോൽ കൂട്ടവും കണ്ടെത്താൻ കഴിയാത്തത് സംശയകരമായതിനാൽ തുടരന്വേഷണം നടത്തുന്നതിനായി കണ്ണൂരിലെ നർക്കോട്ടിക് ഡിവൈ.എസ്.പി.യെ. ചുമതലപ്പെടുത്തി. ദിനേശന്റെ ബന്ധു ക്കളും സുഹൃത്തുക്കളും നാട്ടുകാരുമായ ഇതുപതോളം സാക്ഷികളെ വിശദ മായി ചോദ്യം ചെയ്തിട്ടും മൊബൈൽ ഫോൺകോൾ വിവരങ്ങൾ പരിശോ ധിച്ചും മറ്റന്വേഷണങ്ങൾ നടത്തിയെങ്കിലും കാര്യമായ പുരോഗതിയുണ്ടാ കാത്ത സാഹചര്യത്തിൽ 4–2–2010 മുതൽ സി.ബി.സി.ഐ.ഡി. എച്ച്.എസ്.ഡ ബ്ല്യൂ.3 കോഴിക്കോട് യൂണിറ്റ് ക്രൈംബ്രാഞ്ചിന് റീ നമ്പർ ചെയ്ത് കൊടുക്കു കയും ഇപ്പോൾ ഡിറ്റക്ടീവ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരിക യുമാണ്. മരണപ്പെട്ട ദിനേശന് ആരെങ്കിലുമായി വ്യക്തിവിരോധമോ

രാഷ്ട്രീയ വൈരാഗ്യമോ സാമ്പത്തിക ഇടപാടുകളോ ഇല്ലെന്നും അതുകൊണ്ടുതന്നെ ശത്രുക്കളാരും ഉള്ളതായും വെളിവായിട്ടില്ല. ഇഷ്ടപ്പെടാത്ത കാര്യങ്ങളിന്മേൽ പെട്ടെന്ന് പ്രതികരിക്കുന്ന പ്രകൃതക്കാരനും നന്നായി മദ്യപിക്കുന്ന ശീലവുമുള്ള ആളുമാണ് ദിനേശൻ. നിസ്സാരകാര്യങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടായ പല വ്യക്തികളെയും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയെങ്കിലും ഇക്കാര്യത്തിൽ അവർക്ക് ഒരു കൊലപാതകം നടത്തുന്നതിന് തക്ക വിരോധമുണ്ടാകാൻ സാധ്യതയില്ല എന്നാണ് റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കുന്നത്. 29-07-2009 രാത്രിയിലും തുടർന്ന് പുലർച്ചയും ദിനേശന്റെ മൃതദേഹം കാണപ്പെട്ട പ്രദേശത്ത് ശക്തമായ മഴയുണ്ടായിരുന്നതായും തോട് കരകവിഞ്ഞ് ഒഴുകിയതായും സാക്ഷിമൊഴികളിൽ നിന്ന് വെളിവായിട്ടുണ്ട്. റോഡിന്റെ തെക്കുഭാഗത്ത്, അരികിലൂടെ വരുന്ന ആൾ വേണ്ടത്ര ശ്രദ്ധിച്ചില്ലെങ്കിൽ തോട്ടിലേയ്ക്ക് വീഴാനുള്ള സാധ്യതയുണ്ട്. ആന്തരിക അവയവങ്ങളുടെ രാസ പരിശോധനയിൽ രക്തത്തിൽ 139.04 മില്ലിഗ്രാം ആൽക്കഹോൾ (100 മില്ലി ബേസായി എടുക്കുമ്പോൾ) എന്ന അളവിൽ മദ്യം കലർന്നിരുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.  മുഖത്തേറ്റ ചെറിയ പരിക്കുകൾ മരവിപ്പിന് സമാനമായ ശാരീരിക അവസ്ഥയുണ്ടാക്കാൻ പര്യാപ്തമായതിനാലും വെള്ളത്തിൽ വീണതിന്റെ ആഘാതത്തിൽ മദ്യത്തിന്റെയും മുറിവിന്റെയും മരവിപ്പിലും ശക്തമായ ഒഴുക്കിൽപ്പെട്ട് സ്വയം നിയന്ത്രിക്കാനോ രക്ഷപ്പെടാനോ ആവാത്ത വിധത്തിൽ അങ്ങനെയുള്ള അവസ്ഥയിൽ ദിനേശൻ താഴെഭാഗത്തേയ്ക്ക് നീങ്ങിയിട്ടുണ്ടാവാം എന്ന് കരുതുന്നതായിട്ടാണ് റിപ്പോർട്ടിൽ പറയുന്നത്. ശരീരത്തിലെ ആന്തരിക അവയവങ്ങളിൽ ചെളിയും 150 മില്ലീലിറ്റർ ദ്രാവകവും ഉണ്ടായിരുന്നു. ഇതാണ് കിട്ടിയിട്ടുള്ള റിപ്പോർട്ട്.  ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ സാഹചര്യത്തിൽ സൈക്കിളിൽ വീട്ടി

ലേയ്ക്ക് വരവേ ഇടുങ്ങിയ റോഡിലൂടെ കലുങ്കിനടുത്തെത്തിയസമയം കൈവരിയില്ലാത്ത കലുങ്കിൽനിന്നും എങ്ങനെയോ തോട്ടിലേയ്ക്ക് വീണ തായും മദ്യാസക്തിയിൽ സ്വയം നിയന്ത്രിക്കാനാകാതെയും ഒഴുക്കിനെതിരെ പ്രതിരോധിക്കാൻ കഴിയാതെയും വെള്ളത്തിൽ മുങ്ങിയപ്പോൾ ദിനേശൻ മരണപ്പെട്ടതാണെന്നും ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിരി ക്കുന്നു. ഇതിനെക്കുറിച്ച് സി.ബി.സി.ഐ.ഡി. അന്വേഷണം തുടരുന്നതാണ്. അവിടെ എന്താണ് സംഭവിച്ചതെന്നതിനെക്കുറിച്ച് അറിയത്തക്കവിധത്തിലുള്ള ഒരന്വേഷണം തുടരട്ടെ എന്നുള്ളതാണ് ഗവൺമെന്റിന്റെ സ്റ്റാന്റ്.

## (17) ഭൂമിക്ക് പൊന്നും വില

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ചടയമംഗലം മണ്ഡലത്തിലെ ഇത്തി ക്കരയാറിനു കുറുകെയുള്ള പെരപ്പയം പാലം നിർമ്മിക്കുന്നതുമായി ബന്ധ പ്പെട്ട് സ്ഥലം വിട്ടുകൊടുത്തവർക്ക് പൊന്നുംവില നൽകുന്നതിനെക്കുറിച്ചാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഈ സ്ഥലം വിട്ടുകൊടുക്കുന്നതി നാവശ്യമായ സമ്മർദ്ദം അവിടത്തെ പഞ്ചായത്തിൽ നിന്നും പൊതുസമൂഹ ത്തിൽ നിന്നും ഉണ്ടായതുവഴി കൊല്ലം ജില്ലാ കളക്ടറേറ്റുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നടപടിക്രമങ്ങളെല്ലാം പൂർത്തിയായി. ഈ പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ ഭൂ ഉടകളിൽ നിന്ന് ഭൂമി അക്വ യർ ചെയ്യാനുള്ള നടപടികളെല്ലാം സ്വീകരിച്ചുകഴിഞ്ഞു. ആധാരം കൊല്ലം കളക്ടറേറ്റിൽ നൽകിയിട്ട് മാസങ്ങൾ കഴിഞ്ഞു. ഇതുവരെ പണം അനുവദി ച്ചിട്ടില്ല. ഇതുമൂലം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാനോ പാലം നിർമ്മിക്കാനോ അതിന്റെ പണി തുടങ്ങാനോ സാധിക്കുന്നില്ല. ഈ സാഹചര്യ ത്തിൽ പെരപ്പയിൽ പാലത്തിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള ഭൂമിക്ക് പൊന്നും

വില നൽകുന്നതിനുള്ള നടപടി ക്രമങ്ങളിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പൂർത്തിയാക്കി ഉടൻതന്നെ ആധാരം തിരിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. അവർ കൊടുത്ത ആധാരം ഈ സ്ഥലവും മറ്റ് സ്ഥലവുമായി ബന്ധപ്പെട്ടതായതുകൊണ്ട് അവർക്ക് ബാങ്ക് ലോണും മറ്റുമെടുക്കുന്നതിന് സാധിക്കുന്നില്ല. അതുകൊണ്ട് അവരുടെ ആധാരം തിരിച്ചുകൊടുക്കുന്നതിനും ഈ പണം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ചടയമംഗലം-പെരപ്പയം പാലം നിർമ്മാണത്തിനായി കൊട്ടാരക്കര താലൂക്കിലെ വെളിനെല്ലൂർ, ചടയമംഗലം വില്ലേജുകളിൽപ്പെട്ട 0.6858 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്. പ്രസ്തുത ഭൂമിക്ക് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച സ്ഥലവിലയ്ക്ക് 23-02-2012-ൽ കൂടിയ സ്റ്റേറ്റ്ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് 13-08-2012-ൽ പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ച അപേക്ഷ 5-10-2012-ൽ റവന്യൂ വകുപ്പിന് ലഭിക്കുകയും അതിന്മേൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കാൻ 21-12-2012-ൽ കൊല്ലം ജില്ലാ കളക്ടറോട് റവന്യൂ വകുപ്പ് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് താമസംവിനാ ജില്ലാകളക്ടർക്ക് അനുവദിച്ചു നൽകുന്നതാണ്. ഇതിന് അടിയന്തരപ്രാധാന്യം നൽകിക്കൊണ്ട് ജില്ലാ കളക്ടർ വീണ്ടും ബന്ധപ്പെട്ട റിപ്പോർട്ടുകൾ വാങ്ങി നടപടികൾ സ്വീകരിക്കുന്നതാണ്.

## (18) പുതിയ ജില്ലാരൂപീകരണം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുട കേന്ദ്രമാക്കി പുതിയ ഒരു ജില്ല രൂപീകരിക്കണമെന്നതാണ് എന്റെ ആവശ്യം. ഇത് ഇപ്പോൾ ഞാൻ മാത്രം ഉന്നയിക്കുന്ന കാര്യമല്ല. അനേകവർഷങ്ങളായി ഇരിങ്ങാലക്കുടയി ലേയും സമീപപ്രദേശങ്ങളിലേയും വിവിധ സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ, വ്യക്തികൾ എന്നിവരൊക്കെ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ആവശ്യമാണ്. ഞാൻ തന്നെ ഈ നിയമസഭയിൽ 6-2-2004-ൽ ഇതുസംബന്ധിച്ചൊരു ശ്രദ്ധ ക്ഷണിക്കൽ ഉന്നയിക്കുകയുണ്ടായി. പിന്നീട് 2006, 2007, 2008, 2010, 2011, 2012 എന്നീ വർഷങ്ങളിലും ഈ നിയമസഭയിൽ ഇതുസംബന്ധിച്ച് സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. ഭൂവിസ്തൃതിയിലും ജനസംഖ്യയിലും മുൻപന്തി യിൽ നിൽക്കുന്ന ജില്ലകളിലൊന്നാണ് തൃശ്ശൂർ ജില്ല. 5200 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണവും ഏകദേശം 33 ലക്ഷം ജനസംഖ്യയുമാണ് തൃശ്ശൂർ ജില്ല യിൽ ഉള്ളത്. വിപുലമായ ഭൂവിസ്തൃതിയും ജനസംഖ്യയുംമൂലം ഭരണപര മായ ശ്രദ്ധ ജില്ലയുടെ എല്ലാ ഭാഗത്തും ലഭിക്കുന്നില്ല. ദേശീയ ശരാശരി പ്രകാരം ഒരു ജില്ലയുടെ ജനസംഖ്യ എന്നുപറയുന്നത് 19.2 ലക്ഷമാണ്. കേരള ത്തിൽ ഇതിൽ കൂടുതലാണ്. ജനസംഖ്യാനുപാതം നോക്കിയാൽ കേരള ത്തിൽ നിലവിലുള്ള ജില്ലകളേക്കാൾ കൂടുതൽ ജില്ലകൾ വേണ്ടിവരും. ഇങ്ങ നെയൊരു സാഹചര്യത്തിൽ, കേരളത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങളിൽ മുഖ്യസ്ഥാനത്ത് നിൽക്കുന്ന ഇരിങ്ങാലക്കുട കേന്ദ്രമാക്കി പുതിയൊരു ജില്ല വേണമെന്നതാണ് എന്റെ ആവശ്യം. പഴയകാലത്തെ താലൂക്ക് കേന്ദ്രമാണ് ഇരിങ്ങാലക്കുട. ഒരു ജില്ലയ്ക്ക് പര്യാപ്തമാകുന്ന നിലയിലുള്ള സിവിൽ

സ്റ്റേഷൻ, പോസ്റ്റൽ ഡിവിഷൻ ഓഫീസ്, ടെലികോം ഡിവിഷൻ, ഇലക്ട്രിക് ഡിവിഷൻ, കൃഷി സബ് ഡിവിഷൻ, വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസുകൾ, ജില്ലാ ട്രഷറി, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്, സെൻട്രൽ എക്സൈസ് ഓഫീസ്, കുടുംബകോടതി തുടങ്ങിയ നിരവധി ഓഫീസുകൾ ഇരിങ്ങാലക്കുടയിൽ ഇപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജില്ലാ രൂപീകരണവുമായി ബന്ധപ്പെട്ട് വർഷങ്ങൾക്കുമുമ്പുതന്നെ ഒരു നിർദ്ദിഷ്ട പ്ലാൻ ഞാൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഭരണപരമായ വികേന്ദ്രീകരണവും വികസനപ്രവർത്തനങ്ങളും നാടിന് ഏറെ ആവശ്യമാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞ പ്രാവശ്യം ഞാൻ ഉന്നയിച്ച സബ്മിഷന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടി, ഇതുസംബന്ധിച്ച് വിശദമായൊരു പഠനം നടത്തിയതിനുശേഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൂടി കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷമേ ഇരിങ്ങാലക്കുട കേന്ദ്രമാക്കി ഒരു ജില്ല രൂപീകരിക്കുന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ എന്നാണ്. അതിൽനിന്നും കുറച്ചുകൂടി മുന്നോട്ടുപോയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. കാരണം പുതിയ താലൂക്കുകൾ സംസ്ഥാനത്ത് പ്രഖ്യാപിച്ച സാഹചര്യത്തിൽ പുതിയൊരു ജില്ല തീർച്ചയായും ആവശ്യമായി വരും. ഇരിങ്ങാലക്കുട കേന്ദ്രമായി ജില്ല ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇതിന് ഒരു പോസിറ്റീവായ മറുപടി നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ജനപ്രതിനിധികളിൽ നിന്നും വിവിധ പ്രാദേശിക സംഘടനകളിൽ നിന്നും പുതിയ ജില്ലകളും താലൂക്കുകളും വില്ലേജുകളും രൂപീകരിക്കണമെന്ന് ആവ

ശ്യപ്പെട്ടുകൊണ്ടുള്ള നിരവധി നിവേദനങ്ങൾ കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ല വിഭജിച്ച് ഇരിങ്ങാലക്കുട കേന്ദ്രമാക്കി ഒരു പുതിയ ജില്ല രൂപീകരിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലുള്ള ഒരു വിഷയമല്ല. അതുപോലെതന്നെ മൂവാറ്റുപുഴ കേന്ദ്രീകരിച്ചുകൊണ്ട് ജില്ല വേണമെന്ന് ബഹുമാനപ്പെട്ട ജോസഫ് വാഴക്കനും ഈ സഭയിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യമാണ്. ആവശ്യപ്പെടുന്നതിനനുസരിച്ച് ഇങ്ങനെ ഓരോ ജില്ലകൾ രൂപീകരിക്കുക എന്നുപറയുന്നത് വളരെ പെട്ടെന്ന് തീരുമാനമെടുക്കാൻ കഴിയുന്ന ഒരു കാര്യമല്ല. തൽക്കാലം ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിലില്ല എന്നുതന്നെ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

## (19) പി.എച്ച്.സി.യുടെ അപ്ഗ്രഡേഷൻ

ശ്രീ. പി. ഉബൈദുള്ള: സർ, ആരോഗ്യ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നമ്മുടെ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളുമൊക്കെ വരുന്നുണ്ട്. എന്നാൽ സർക്കാരിന്റെ ശ്രദ്ധ പതിയേണ്ട ഒരു മേഖലയാണ് പി.എച്ച്.സി. കൾ എന്നുപറയുന്നത്. സാധാരണക്കാരായ ഗ്രാമീണ ജനങ്ങൾ ഏറെ ആശ്രയിക്കുന്നത് പ്രൈമറി ഹെൽത്ത് സെന്ററുകളെയാണ്. വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച പി.എച്ച്.സി.കൾ ഇന്നും അതുപോലെ നിലനിൽക്കുകയാണ്. 1973–ൽ പ്രവർത്തനമാരംഭിച്ച മലപ്പുറം മണ്ഡലത്തിലെ മൊറയൂർ പ്രൈമറി ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്യണമെന്നത് വർഷങ്ങളുടെ പഴക്കമുള്ള ഒരു ആവശ്യമാണ്. 40 വർഷങ്ങൾ പിന്നിട്ടിട്ടും ഈ പി.എച്ച്.സി. അങ്ങനെ തന്നെ തുടരുകയാണ്. സ്വന്തമായി ഒരു ഏക്കർ 30 സെന്റ് സ്ഥലം, 12 ബെഡ്ഡു

കൾ ഇടുന്നതിന് സൗകര്യപ്രദമായ കെട്ടിടം എന്നിവയൊക്കെ ഇവിടെയുണ്ട്. ഇനിയും ആവശ്യമായ കെട്ടിടമുണ്ടാക്കുന്നതിന് എം.എൽ.എ. ഫണ്ട് കൊടുക്കുന്നതിന് കൂടി തയ്യാറാണ്. ഒരു സ്ഥിരം ഡോക്ടറും രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരും 18 മറ്റ് ജീവനക്കാരും ഈ പി.എച്ച്.സി. യിൽ ഉണ്ട്. ഈ പി.എച്ച്.സി. എത്രയും പെട്ടെന്ന് അപ്ഗ്രേഡ് ചെയ്ത് ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മൊറയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് മൊറയൂർ പി.എച്ച്.സി. ഈ പി.എച്ച്.സി. യിൽ നിലവിൽ കിടത്തിച്ചികിത്സ അനുവദിച്ചിട്ടില്ല. ഇവിടത്തെ ഒ.പി. ശരാശരി 100-നും 150-നും ഇടയ്ക്കാണ്. ഈ പി.എച്ച്.സി. യുടെ 6 കിലോമീറ്റർ ചുറ്റളവിൽ കൊണ്ടോട്ടി സി.എച്ച്.സി. യും പൂക്കോട്ടൂർ സി.എച്ച്.സി. യും പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി. എന്നതാണ് ആരോഗ്യ വകുപ്പിന്റെ നയം. മൊറയൂർ പി.എച്ച്.സി. സ്ഥിതി ചെയ്യുന്ന പൂക്കോട്ടൂർ ബ്ലോക്കിൽ ഇപ്പോൾത്തന്നെ കിടത്തി ചികിത്സാ സൗകര്യത്തോടുകൂടി പൂക്കോട്ടൂർ സി.എച്ച്.സി. പ്രവർത്തിച്ചുവരുന്നുണ്ട്. മൊറയൂർ പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്ത് കിടത്തിച്ചികിത്സ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

.

## (20) ഭൂമി കൈമാറ്റത്തിനുള്ള തീരുമാനം

ശ്രീ. ആർ. രാജേഷ്: സർ, നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ ഭൂമി ഇന്റോ-ടിബറ്റൻ ബോർഡർ പോലീസിന് കൊടുക്കാനുള്ള തീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. ആലപ്പുഴ ജില്ലയുടെ തെക്കെ അറ്റത്തായി ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അതിർത്തിയോട് ചേർന്നുകിടക്കുന്ന, നാഷണൽ ഹൈവയേയും എം. സി. റോഡിനെയും ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഹൈവേയ്ക്ക് സമീപമായുള്ള 137 ഏക്കർ ഭൂമി, ആരോഗ്യ വകുപ്പിന് കീഴിൽ സ്ഥിതിചെയ്യുന്ന ഈ ഭൂമി ലെപ്രസി സാനിട്ടോറിയത്തിന്റെ ഭൂമിയാണ്. ഈ ഭൂമിയിൽ നിന്നും 75 ഏക്കർ സ്ഥലമാണ് ഇന്റോ തിബറ്റൻ ബോർഡർ പോലീസിന് കൈമാറാൻ തീരുമാനിച്ചിരിക്കുന്നത്. എന്തിനാണ് ഇന്റോ ടിബറ്റൻ ബോർഡർ പോലീസിന് നൂറനാട് സാനിട്ടോറിയത്തിൽ ആസ്ഥാനം? ഈ തീരുമാനം അടിയന്തരമായി പിൻവലിക്കണം. കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് വികസനത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുകയെന്നുള്ളത്. ഒരു മെഡിക്കൽ കോളേജ് സർക്കാർ ആരംഭിക്കാൻ തീരുമാനിച്ചാൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്ഥലം കണ്ടെത്തുകയാണ് ഏറ്റവും വലിയ പ്രശ്നം. ഇവിടെയാണ് ആരോഗ്യ വകുപ്പിനുകീഴിൽ 137 ഏക്കർ സ്ഥലം ജില്ലയിൽ സ്ഥിതിചെയ്യുന്നത്. ഈ ഭൂമി ഐ.റ്റി.ബി.പി. ക്ക് കൈമാറുന്നതിൽ വലിയ പ്രതിഷേധം ഈ സ്ഥലത്തുണ്ട്. കോട്ടയം ജില്ലയിലെ പൂഞ്ഞാറിൽ അവികസിതമായ പ്രദേശത്ത് ഐ.റ്റി.ബി.പി. ആരംഭിക്കാമെന്ന കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് മറികടന്നാണ് ഈ കണ്ണായ ഭൂമി നഷ്ടപ്പെടുത്തി നാടിന്റെ വികസനം അട്ടിമറിക്കുന്നത്. ഈ സ്ഥലം ആരോഗ്യ വകുപ്പിന്റെ കീഴിൽ നില

നിർത്തി ജനങ്ങൾക്ക് ഗുണകരമായ പദ്ധതി ആരംഭിക്കണം. ജയിൽ വകുപ്പിന്റെ ഒരു പദ്ധതി, 300 ബെഡ്ഡുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കാമെന്നുള്ള ജയിൽ വകുപ്പിന്റെ പ്രൊപ്പോസൽ മറികടന്നുള്ളതാണ് വികസനത്തിന്റെ പേരിൽ ഈ ഭൂമി അട്ടിമറിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നത്. ഇത് അടിയന്തരമായി പിൻവലിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആലപ്പുഴ ജില്ലയിലെ നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ ഏകദേശം 145 ഏക്കർ സ്ഥലമാണ് കൈവശമുള്ളത്. ഐ.റ്റി.ബി.പി. യുടെ ഒരു യൂണിറ്റ് ആരംഭിക്കാൻ ഇതിൽ നിന്നും 50 ഏക്കർ സ്ഥലം നൽകുവാൻ 23-07-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം ലെപ്രസി സാനിട്ടോറിയത്തിന്റെ ചുറ്റളവിലുള്ള 25 ഏക്കർ സ്ഥലം കണ്ടെത്താനും ആയത് സാനിട്ടോറിയത്തിനോട് ചേർക്കാനും ആലപ്പുഴ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 20 ഏക്കർ സ്ഥലം ആശുപത്രിക്കും ക്വാർട്ടേഴ്സിനും ലഭ്യമാക്കാനും 71 ഏക്കർ സ്ഥലം ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിനോ അതുപോലെയുള്ള ആരോഗ്യ സേവന മേഖലയിലെ സ്ഥാപനങ്ങൾക്കോ വേണ്ടി ആരോഗ്യ വകുപ്പിൽത്തന്നെ നിലനിർത്താനും ഇതിനായി ഒരു പ്ലാൻ തയ്യാറാക്കി സമർപ്പിക്കാനും ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിനാവശ്യമായ സ്ഥലം മാറ്റിവച്ചുകൊണ്ടാണ് ഐ.റ്റി.ബി.പി. ക്ക് സ്ഥലം വിട്ടുനൽകാൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം തീരുമാനി

ച്ചിട്ടുള്ളത്. അന്ന് എടുത്ത തീരുമാനം തൽക്കാലം പുനഃപരിശോധിക്കേണ്ട തില്ലെന്നുള്ളതാണ് ആരോഗ്യ വകുപ്പിന്റെ തീരുമാനം.

## (21) മുത്തുച്ചിപ്പി കൃഷി

ശ്രീ. ഹൈബി ഈഡൻ: സർ, സംസ്ഥാനത്തെ തീരദേശത്ത് അധിവസി ക്കുന്നവർക്കും മത്സ്യത്തൊഴിലാളികൾക്കും കൂടുതൽ വരുമാനം ലഭിക്കുന്ന തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനുമായി സംസ്ഥാ നത്തെ തീരദേശങ്ങളിൽ സംസ്ഥാന ഫിഷറീസ് വകുപ്പ് മുത്തുച്ചിപ്പി കൃഷി നടത്തേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയി ക്കുന്നത്. കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും ജുവല്ലറി സംസ്ക്കാരം മുത്തുച്ചിപ്പി കൃഷിക്ക് വളരെ അനുയോജ്യമാണ്. ഇപ്പോൾ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഹാച്ചറികൾക്ക് ആവശ്യമായ ക്രമീകരണ ങ്ങൾ ഏർപ്പെടുത്തിയാൽ മുത്തുച്ചിപ്പി കൃഷി സാധ്യമാകും. ധാരാളം അല ങ്കാര വസ്തുക്കളും ജുവല്ലറി ഉൽപ്പന്നങ്ങളുമെല്ലാം മുത്തുച്ചിപ്പി കൃഷിയി ലൂടെ ഫിഷറീസ് വകുപ്പിനും മത്സ്യത്തൊഴിലാളികൾക്കും വരുമാനം കിട്ടാ വുന്ന ഒരു കൃഷിയായി മറ്റ് സംസ്ഥാനങ്ങളിൽ മാറിക്കൊണ്ടിരിക്കുന്ന അവസ രത്തിൽ അനുയോജ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഇതിനുള്ള അവസ രമൊരുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരളത്തിൽ മുത്തുച്ചിപ്പി കൃഷിക്ക് സാദ്ധ്യതകൾ ധാരാളമുണ്ട്. അതനുസരിച്ചുള്ള അടിസ്ഥാന സൗകര്യ വികസനവും സാങ്കേ തിക വിജ്ഞാന വ്യാപനവും ഇനിയും ഉണ്ടാകേണ്ടതുണ്ട്. മുത്ത് ഉൽപ്പാദിപ്പി ക്കുന്ന മുത്തുച്ചിപ്പികളുടെ നാച്ചറൽ ബഡ്സ് കേരളത്തിലെ തീരക്കടലിൽ

ഉണ്ടെന്നാണ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സ്വർണ്ണ മുത്തുകൾ ഉൽപ്പാദിപ്പിക്കുന്ന ചിപ്പി ഇനം ഇൻഡ്യയിലെ ഗൾഫ് ഓഫ് മാന്നാർ, പാക് ബേ, ഗൾഫ് ഓഫ് കച്ച് എന്നീ കടലിടുക്കുകളിലും ആൻഡമാൻ നിക്കോബാർ ഐലന്റുകളിലും സുലഭമായി കാണപ്പെടുന്നവയാണ്. 1976 മുതൽ വിഴിഞ്ഞത്ത് ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ പൈലറ്റ് പ്രോജക്ടായി മുത്തുവളർത്തൽ കേന്ദ്രം തുടങ്ങുകയുണ്ടായി. 1984 –ൽ ഈ പദ്ധതി അവസാനിപ്പിച്ചു. ഇപ്പോൾ സി.എം.എഫ്.ആർ.ഐ. ഡിസൈനർ പേൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടുണ്ട്. ഏകദേശം 7 സെന്റീമീറ്റർ വലിപ്പമുള്ള മുത്തുച്ചിപ്പികളെ സംഭരിച്ച് ഡിസൈനർ പേൾ ന്യൂക്ലിയസ് ചിപ്പിയുടെ അകത്ത് ശസ്ത്രക്രിയയിലൂടെ ഇംപ്ലാന്റ് ചെയ്യുന്നു. ഇങ്ങനെ ഇംപ്ലാന്റ് ചെയ്യുന്ന ചിപ്പികളെ തീരക്കടലിനോട് ചേർന്നുള്ള സംരക്ഷിത പ്രദേശങ്ങളിൽ ചങ്ങാടക്കൃഷി രീതി ഉപയോഗിച്ച് വളർത്തിയെടുക്കുന്ന മാതൃകയാണ് സ്വീകരിച്ചിട്ടുള്ളത്. നിലവിൽ മുത്തുച്ചിപ്പി കൃഷിക്കുള്ള സൗകര്യം കേരളത്തിൽ ഇല്ല. എന്നാൽ തീരപ്രദേശങ്ങളിലെ ഹാച്ചറികളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി ചിപ്പിയെ ശസ്ത്രക്രിയ നടത്തി ജീവനോടെ ലബോറട്ടറിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള ഫൈബർ ഗ്ലാസ് ടാങ്കുകളും അവയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള പൈപ്പുകളും ഫിറ്റ് ചെയ്യുന്നത് മുത്തുച്ചിപ്പി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനും തീരക്കടലിലെ സംരക്ഷിത പ്രദേശങ്ങളിൽ മുത്തുച്ചിപ്പി കൃഷി നടത്താനുമുള്ള സാഹചര്യമൊരുക്കും. കേരളത്തിലെ ജൂവലറി സംസ്കാരം കൃഷിക്ക് അനുകൂലമായ ഘടകമാണ്. മുത്ത് വിതരണ രംഗത്ത് 3 ബില്ല്യൻ ഡോളറിന്റെ വ്യാപാരമാണ് ലോകത്താകമാനം നടക്കുന്നത്. ഇൻഡ്യയിൽ 4 ദശലക്ഷം ഡോളറിന്റെ മുത്തുകൾ പ്രതിവർഷം ഇറക്കുമതി ചെയ്യുന്നുവെന്ന്

കണക്കുകൾ കാണിക്കുന്നു. മുത്തുച്ചിപ്പി കൃഷി നമ്മുടെ തീരദേശത്ത് ആരംഭിച്ചാൽ ശ്രീ. ഹൈബി ഈഡൻ ചൂണ്ടിക്കാണിച്ചതുപോലെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരവും തീരദേശത്ത് സാമ്പത്തിക അഭിവൃദ്ധിക്കും അത് വഴിയൊരുക്കും. സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ചെടുന്ന ഡിസൈൻ മുത്തുകളുടെ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മുത്തുച്ചിപ്പി കൃഷി കേരളത്തിൽ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ സർക്കാർ വിശദമായി പരിശോധിക്കുന്നതാണ്. സാങ്കേതികമായും സാമ്പത്തികമായും ഇത് വിജയിപ്പിക്കാനായാൽ നിശ്ചയമായും മുത്തുച്ചിപ്പി കൃഷി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പദ്ധതി ഫിഷറീസ് വകുപ്പ് ആരംഭിക്കുന്നതാണ്.

## (22) കോയിക്കൽ കൊട്ടാരം സാംസ്കാരിക നിലയമാക്കി ഉയർത്തൽ

ശ്രീ. പാലോട് രവി: സർ, പ്രധാനപ്പെട്ട കുറേ പത്രങ്ങളുടെ കട്ടിംഗ് എന്റെ കയ്യിലുണ്ട്. 'കയ്യൊഴിയരുത് ഈ പൈതൃക പ്രതീകത്തെ' എന്നാണ് ഈ പത്രങ്ങളെല്ലാം പറഞ്ഞിരിക്കുന്നത്. തിരുവിതാംകൂർ ഭരിച്ചിരുന്ന വേണാട് രാജവംശത്തിലെ ഉമയമ്മറാണിക്കായി നാലുകെട്ടിന്റെ നിബന്ധനകൾ അക്ഷരംപ്രതി പാലിച്ച് നിർമ്മിച്ചതാണ് നെടുമങ്ങാട് കോയിക്കൽ കൊട്ടാരം. 15-ാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന തച്ചുശാസ്ത്രത്തിന്റെ മകുടോദാഹരണമായ ഈ കൊട്ടാരം ചരിത്രകാരൻമാർക്കും വിനോദസഞ്ചാരികൾക്കും എക്കാലവും അത്ഭുത കാഴ്ചയായ കോയിക്കൽ കൊട്ടാരവിശേഷങ്ങൾ വിവരിച്ചാൽ ഒടുങ്ങുന്നതല്ല. സംസ്ഥാന പുനർനിർണ്ണയത്തിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലായിരുന്ന ഈ കൊട്ടാരവും സ്ഥലവും സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് ചരിത്രസ്മാരകമായി സംരക്ഷിച്ചുവരികയാണ്. രണ്ടേക്കർ

സ്ഥലം വരുന്ന ഈ പ്രദേശം പുരാവസ്തു വകുപ്പ് ഏറ്റെടുത്തതോടുകൂടി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഇവിടെയുണ്ടായി. കൊട്ടാരത്തിനുള്ളിൽ ഒരു പുരാവസ്തു കാഴ്ചബംഗ്ലാവ് സജ്ജീകരിച്ച് 1992-ൽ അന്നത്തെ കേരള സാംസ്ക്കാരിക വകുപ്പുമന്ത്രി ഉത്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. താഴത്തെ നിലയിൽ അപൂർവ്വ നാണയ ദൃശ്യവേദിയും മുകൾഭാഗത്ത് നാടൻകലാ വിജ്ഞാനവേദിയുമായിട്ടാണ് അന്ന് അവിടെ സജ്ജീകരിച്ചത്. താഴത്തെ നിലയിൽ വിന്യസിച്ചിരുന്ന നാണയഗ്യാലറി പൂർണ്ണമായും മൂന്ന് മുറികളിലായി ഒതുക്കി. നാണയപഠന വിഭാഗത്തിലെ റിസർച്ച് അസിസ്റ്റന്റ് തസ്തിക ഇപ്പോൾ അവിടെയില്ല. ഫോക്ക് ലോർ വിഭാഗത്തിൽ മ്യൂസിയം ആരംഭിച്ചപ്പോൾ ശേഖരിച്ചുവച്ച കാഴ്ചവസ്തുക്കളാണ് ഇപ്പോഴും അവിടെ യുള്ളത്. കൂടുതൽ വസ്തുക്കൾ ശേഖരിച്ച് വൈവിധ്യം നിലനിർത്തുന്ന തിനുള്ള ശ്രമമുണ്ടായിട്ടില്ല. ഇത് സന്ദർശകർക്ക് വളരെയേറെ വിരസത അനുഭവപ്പെടുത്തുകയാണ്. മ്യൂസിയം ഗൈഡ് തസ്തികയുടെ അഭാവം ഇവി ടെയൊരു വലിയ പോരായ്മയാണ്. ആയിരക്കണക്കിന് ആളുകളും വിദേശ സഞ്ചാരികളും മറ്റ് രാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളും ഉൾപ്പെടെയുള്ളവ രാണ് ഈ കോയിക്കൽ കൊട്ടാരത്തിൽ വന്നുകൊണ്ടിരിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുവാനുള്ളത് ഇവിടെ ഒരു ഓഫീസ് സമുച്ചയം..... ഓഫീസൊക്കെ ഇതിനകത്താണ്. ഡോർമെട്രിയും ഗസ്റ്റ് റൂമും സെക്യൂരിറ്റി ഗാർഡ് റൂമുമെല്ലാം ഈ നാണയങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഫോക്ലോർ അക്കാഡമിക്ക് അകത്താണുള്ളത്. അവിടെയൊരു പ്രത്യേക ഓഫീസ് സമുച്ചയം വേണം. പൂർത്തിയാകാത്ത ഒരു രാജപാതയുണ്ട്. അത് പൂർത്തീകരിക്കണം. കൊട്ടിയമ്പലം നിർമ്മാണപദ്ധതി അവതാളത്തിലായി

കിടക്കുകയാണ്. കൊട്ടാരവും പരിസരവും ദീപാലംകൃതമാക്കുന്നതിനുള്ള പരിപാടി കൊടുത്തു. അത് ഇതുവരെ നടന്നിട്ടില്ല. കൊട്ടാരക്കെട്ടിലെ ചോർച്ച പരിഹരിക്കുകയും മേൽക്കൂരയിലെ ഓടുകൾ മാറ്റി അറ്റകുറ്റപ്പണി നടത്തുകയും ജനാലകളും മറ്റും കമ്പിവലയംകൊണ്ട് അടയ്ക്കുകയും ചെയ്യണം. അങ്ങേയ്ക്കും വളരെ താൽപര്യമുള്ള സ്ഥലമാണ്. കാരണം, അങ്ങയുടെ നിയോജകമണ്ഡലത്തിന് അടുത്താണ് ഈ കൊട്ടാരം സ്ഥിതി ചെയ്യുന്നത്. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുക സമയബബന്ധിതമായി എത്രയും വേഗം വാങ്ങിയെടുക്കണം. എനിക്ക് സാംസ്ക്കാരിക വകുപ്പുമന്ത്രിയോട് പറയുവാനുള്ളത്, അങ്ങ് ഈ കൊട്ടാരം എത്രയുംവേഗം സന്ദർശിക്കണം. അതോടൊപ്പംതന്നെ കൊട്ടാരക്കെട്ടിലെ ചോർച്ച പരിഹരിക്കണം. ഒഴിഞ്ഞുകിടക്കുന്ന തസ്തിക നികത്തണം. ഫോക് ലോർ അക്കാഡമിയുടെ സഹായത്തോടെ ഒരു ഫോക് ലോർ റീജിയണൽ സെന്റർ ഇവിടെ സ്ഥാപിക്കണം. നൂതനസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രകാശവിന്യാസം ഇവിടെ സാധ്യമാക്കുമോയെന്ന് ആരായണം. സന്ദർശകർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി ഇവിടെ ആവിഷ്ക്കരിക്കണം. കൊട്ടാരത്തിന് ചുറ്റുമുള്ള പൂന്തോട്ടത്തിലെ വൈദ്യുതി വിളക്കുകൾ....... ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതിന് കേന്ദ്രത്തിൽനിന്ന് ഇപ്പോൾ അനുവദിച്ചിട്ടുള്ള, അങ്ങുതന്നെ മുൻകൈയെടുത്ത് ഡൽഹിയിൽപ്പോയി ഒരു എമൗണ്ട്.......... ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ പൈതൃകത്തെ സംരക്ഷിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാന്യനായ പാലോട് രവി പറഞ്ഞ എല്ലാ കാര്യങ്ങളും വളരെയേറെ ഗൗരവമായതും ശ്രദ്ധ ആവശ്യമായ തുമാണ്. സംസ്ഥാന സർക്കാരിന്റെ സംരക്ഷിത സ്മാരകമായ നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിൽ നാണയപഠനകേന്ദ്രം, ഫോക് ലോർ മ്യൂസിയം എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത് ആധുനികവൽക്കരിച്ച് അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് മൂന്നരക്കോടി രൂപയ്ക്കുള്ള ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് കൊടുക്കുകയുണ്ടായി. ഈ പ്രോജക്ടിൽ കൊട്ടാരത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ, ഗ്യാലറികളുടെ വിപുലീകരണം, മ്യൂസിയം ലൈബ്രറി, പബ്ലിക്കേഷൻ, ഡോക്യുമെന്റേഷൻ, കൺസർവേഷൻ പ്രോജക്ട് ആന്റ് ലാബോറട്ടറി തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്രാനുവാദം ലഭിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സാംസ്ക്കാരിക വകുപ്പ്, 80 ശതമാനം കേന്ദ്ര ഗവൺമെന്റും 20 ശതമാനം സംസ്ഥാന ഗവൺമെന്റുമെന്ന വ്യവസ്ഥയിൽ അനുവാദം ലഭിച്ചു. ഒന്നാം ഗഡുവായ ഒന്നരക്കോടി രൂപ ലഭി ക്കുകയും ചെയ്തു. അതിന്റെ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. ഈ കൊട്ടാരം ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ മ്യൂസിയമാക്കാനും ശ്രീ. പാലോട് രവി ചൂണ്ടിക്കാണിച്ചതുപോലെയുള്ള സൗകര്യങ്ങളുണ്ടാക്കാനും നടപടി സ്വീകരിക്കും. അടുത്ത സാമ്പത്തിക വർഷമാദ്യം പ്രവൃത്തി ആരംഭിക്കും. ഈ അസംബ്ലി സമ്മേളനം കഴിയുന്നതിനുമുമ്പായി ഞാനും സ്ഥലം എം.എൽ.എ. ശ്രീ. പാലോട് രവിയും അവിടെ പോകുന്നുണ്ട്.

അവിടെ ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(23) പ്രവാസി ക്ഷേമനിധിയിൽ ചേരുന്നതിനുള്ള പ്രയാസങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിന്റെയും ഇന്ത്യയുടെയും സമ്പദ്ഘടനയിൽ സുപ്രധാനമായ പങ്കാണ് പ്രവാസികൾ നിർവ്വഹിക്കുന്നത്. നമ്മുടെ വിദേശനാണ്യശേഖരത്തിലേയ്ക്ക് വലിയ മുതൽക്കൂട്ടാണ് ഇവർ നൽകുന്നത്. വേൾഡ് ബാങ്കിന്റെ പുതിയ റിപ്പോർട്ടനുസരിച്ച് കഴിഞ്ഞ വർഷവും ഇന്ത്യതന്നെയാണ് ഏറ്റവും മുന്നിലുള്ളത്. In 2012 India top of the list with 70 billion dollar of remittance inflow followed by China. ചൈനയുടെ മുന്നിലാണ് ഇന്ത്യ. Nothing surprising about that, India has been the top recipient of remittance in the world of 15 of the past 23 years and past five years in a row. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ഈ ജനവിഭാഗത്തോട് വേണ്ടത്ര നീതി കാണിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിൽ ഒരു പ്രവാസിക്ഷേമനിധി ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ അതിൽ വേണ്ടത്ര അംഗങ്ങൾ ചേരുന്നില്ല. അതിലുള്ള ചില അനാകർഷകത്വം മാറ്റേണ്ടതുണ്ട് എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇതിൽ ചേരാനുള്ള വയസ് ഇപ്പോൾ 55 ആണ്. അത് 60 വയസ്സായി നീട്ടേണ്ടതുണ്ട്. മറ്റ് പല ക്ഷേമനിധികൾക്കും ക്ഷേമനിധിയിൽ ചേർന്ന് പണമടച്ചാൽ ക്ഷേമനിധിയിൽനിന്ന് പിരിയുന്ന സമയത്ത് അതും അതിന്റെ പലിശയും കൊടുക്കാറുണ്ട്. പക്ഷേ ഇതിൽ അത് കൊടുക്കുവാൻ കഴിയുന്നില്ല. അതിനുമാത്രം പണം അതിനകത്തില്ല എന്നുള്ളതാണ് പ്രശ്നം. ഞാൻ ഈ

സബ്മിഷനിലൂടെ ഉന്നയിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം, പ്രവാസികളുടെ കയ്യിൽനിന്ന് കേന്ദ്ര എമിഗ്രേഷൻ ഡിപ്പാർട്ടുമെന്റ് ഏകദേശം നാലഞ്ച് പതിറ്റാണ്ടിന്റെ കണക്ക് പരിശോധിക്കുമ്പോൾ 25,000 കോടി രൂപയോളം അവരിൽനിന്ന് വാങ്ങിവച്ചിട്ടുണ്ട്. കേരള പ്രവാസി ക്ഷേമനിധി ബോർഡിന് അതിന്റെ നടത്തിപ്പിന് മലയാളികൾ അടച്ച സംഖ്യയ്ക്ക് ആനുപാതികമായിട്ടുള്ള സംഖ്യ നമ്മൾ ആവശ്യപ്പെടുകയാണെങ്കിൽ നമ്മുടെ ഈ ക്ഷേമനിധി ഏറ്റവും ആകർഷകമായിട്ട് നടത്താൻ കഴിയുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പ്രവാസി ക്ഷേമനിധി കൂടുതൽ ആകർഷകമാക്കുന്നതിന് കേന്ദ്രസഹായം...... ഇത്തരത്തിലുള്ള ഒരു സംവിധാനമുണ്ടാക്കണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ എനിക്ക് അവതരിപ്പിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദർ ചൂണ്ടിക്കാണിച്ചത് വളരെയധികം ശ്രദ്ധ വേണ്ട വിഷയമാണ്. കാരണം, പ്രവാസികളെ ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. ഇപ്പോഴത്തെ കണക്കനുസരിച്ച് ഏതാണ്ട് 30 ലക്ഷം മലയാളികളാണ് ഗൾഫിൽമാത്രം ജോലി ചെയ്യുന്നത്. രൂപയുടെ മൂല്യം കുറഞ്ഞതുകൊണ്ട് 55,000 കോടി രൂപയാണ് റെമിറ്റൻസായി വരുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയിലെ അടിത്തറ ഇന്ന് പ്രവാസികൾതന്നെയാണ്. ഈ കാണുന്ന പച്ചപ്പും സമൃദ്ധിയുമെല്ലാം പ്രവാസികളുടെ വിയർപ്പിന്റെ വിലയാണ്. അതുകൊണ്ട് പ്രവാസിക്ഷേമ കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് വളരെയേറെ താൽപര്യമുണ്ട്. അതുകൊണ്ടാണ് 2008–ൽ പ്രവാസി ക്ഷേമനിധി

നടപ്പിലാക്കിയത്. നിലവിൽ 55 വയസ്സുവരെയുള്ള പ്രവാസികൾക്കാണ് പദ്ധതിയിൽ ചേരുവാൻ കഴിയുന്നത്. അഞ്ചുവർഷം തുടർച്ചയായി അംശദായം അടച്ചാൽ 60 വയസ് കഴിയുമ്പോൾ പെൻഷൻ കൊടുക്കും. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഈ സ്കീം സാമ്പത്തികമായി വയബിളല്ല. ഇപ്പോൾ ഒരു നോൺ റെസിഡന്റ് കേരളൈറ്റ് അഞ്ചുവർഷം അടയ്ക്കുന്നത് 18,000 രൂപയാണ്. ഇപ്പോഴത്തെ ആയൂർദൈർഘ്യം 75-ഉം 80-ഉം ആണ്. പത്തിരുപത് കൊല്ലക്കാലം പെൻഷൻ കൊടുക്കുവാൻ ആകെ 18,000 രൂപ അടച്ചാൽ ഒന്നരക്കൊല്ലം കഴിയുമ്പോൾ പെൻഷന്റെ അടച്ച പൈസ കയ്യിൽ കിട്ടും. അതുകൊണ്ട് ഒട്ടും വയബിളല്ല. ഈ സ്കീം ഉണ്ടാക്കിയപ്പോൾ എന്തുകൊണ്ട് ആലോചിച്ചില്ല? ഏതായാലും അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ എമിഗ്രേഷൻ ക്ലിയറൻസ് ഇനത്തിലുള്ള ഡിപ്പാർട്ടുമെന്റിൽ കേന്ദ്രം ഈടാക്കിയിട്ടുള്ള ഫീസിന്റെ പകുതി ഞങ്ങൾക്ക് അർഹതപ്പെട്ടതാണ്. ഈ ക്ഷേമനിധിക്ക് കേരളാ ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനായി 2.9 കോടി രൂപയാണ് ആദ്യം കൊടുത്ത കോർപ്പസ് ഫണ്ട്. പിന്നെ പറഞ്ഞിരിക്കുന്നത്, അംശദായത്തിന്റെ രണ്ട് ശതമാനം മാത്രമേയുള്ളൂ. ആ കോർപ്പസ് ഫണ്ട് വച്ചുകൊണ്ട് നടപ്പിലാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ എമിഗ്രേഷൻ ക്ലിയറൻസ് മുഖേന ലഭിക്കുന്ന ഒരു വലിയ വരുമാനം കേന്ദ്ര ഗവൺമെന്റിനുണ്ട്. അതിന്റെയൊരു പങ്ക് കേരളത്തിന് ലഭിക്കണം. അതിനുവേണ്ടി തീർച്ചയായും സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തും. കാരണം അത് മലയാളികൾ അടക്കമുള്ള നോൺ റെസിഡന്റ് ഇന്ത്യൻസ് അടച്ച പണമാണ്. ആ പണം അങ്ങനെ കെട്ടിക്കിടക്കു

ന്നുവെന്ന് അറിയുന്നു. ഏതായാലും അത് ഗവൺമെന്റ് ടേക്ക് അപ് ചെയ്യുന്നതാണ്. അതുപോലെതന്നെ ഇപ്പോൾ ചൂണ്ടിക്കാണിച്ചതുപോലെ 30 ലക്ഷം മലയാളികൾ ഗൾഫിലുണ്ടെങ്കിലും ക്ഷേമനിധിയിലാകെ ചേർന്നിട്ടുള്ളത് 1,12,200 പേരാണ്. തുച്ഛമായ സംഖ്യയാണ്. അതുകൊണ്ട് ഗൾഫിലുള്ള വിവിധ മലയാളി സംഘടനകളുടെയും ഗൾഫിൽ ആരംഭിക്കുന്ന നോർക്ക യുടെ ഹെൽപ് ഡെസ്ക്ക് മുഖേനയുമെല്ലാം ഈ സ്കീം പ്രചരിപ്പിച്ച് പരമാവധി ആളുകളെ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. പ്രവാസി ക്ഷേമ കാര്യങ്ങൾക്ക് തീർച്ചയായും ഗവൺമെന്റ് ഗൗരവമായ പരിഗണന നൽകുന്നതാണ്.

(മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്)